കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വാഴക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം7/416/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 23/03/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്/ സെക്രട്ടറി മുഖേന

വാഴക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴക്കാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3).പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4).കാര്യാലയ പകർപ്പ്.

എബികെ

നം. കെ.എസ്.എ.എം.പി.എം7/416/2019

തിയ്യതി: 23/03/2019

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.07.2017 മുതൽ 17.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.ആർ അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 18.02.2019 മുതൽ 01.03.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഫസലുറഹ്മാൻ.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| ശ്രീ.മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.എം.ഹാജറുമ്മ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.പി.പി.സുനിൽ കുമാർ | 01.04.2017 മുതൽ 09.01.2018 വരെ |
| ശ്രീമതി.ശ്രീകുമാരി.എൽ | 10.01.2018 മുതൽ 18.01.2018 വരെ |
| ശ്രീ.ടി.ജോൺ | 19.01.2018 മുതൽ 05.03.2018 വരെ |
| ശ്രീ.ജിനചന്ദ്രൻ.പി | 06.03.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ഒഴിവ് | 01.04.2017 മുതൽ 14.04.2017 വരെ |
| | ശ്രീ.ഗിരീഷ് | 15.04.2017 മുതൽ 15.11.2017FN വരെ |
| | ശ്രീ.ആസിഫ് അലി | 15.11.2017AN മുതൽ 27.01.2018FN വരെ |
| | ശ്രീ. ചന്ദ്രദാസ് ജി | 27.01.2018AN മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മുഹമ്മദ് അമീൻ.എ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജിഷില.കെ.എ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയ.എ.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഇ.വിജയകുമാരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഗീതു.എം | 01.04.2017 മുതൽ 10.04.2017 വരെ |
| | ശ്രീമതി. ബിന്ദു.കെ.കെ | 11.04.2017 മുതൽ 19.06.2017 വരെ |
| | ശ്രീമതി. ഹസീന ഹസ്സൻകുഞ്ഞി | 20.06.2017 മുതൽ 16.08.2017 വരെ |
| | ശ്രീമതി. ഗിരിജ.എം | 17.08.2017 മുതൽ 08.09.2017 വരെ |
| | ശ്രീ.ബാബു ഷക്കീർ | 09.09.2017 മുതൽ 19.02.2016 വരെ |
| | ശ്രീമതി.രേണുക കൊല്ലീരി | 20.02.2018 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പാത്തുമ്മ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.രഞ്ജുമോൻ.സി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീകുമാരി.എൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഹംസ.വി.പി | 01.04.2017 മുതൽ 14.07.2017 വരെ |
| | ശ്രീമതി.അനല,എസ്.മേനോൻ | 15.07.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | രശീതി ബുക്കുകളുടെ പരിശോധന - അപാകതകൾ | 2-1 |
| 13 | രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നു | 2-2 |
| 14 | ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു-വിവരങ്ങൾ ലഭ്യമാക്കിയില്ല. | 2-3 |
| 15 | മുറി വാടക പൂർണ്ണമായും പിരിച്ചെടുത്തില്ല | 2-4 |
| 16 | തൊഴിൽ നികുതി-ഈടാക്കിയില്ല / അപാകതകൾ | 2-5 |
| 17 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ. | 2-6 |
| 18 | കെട്ടിടത്തിന്റെ വശങ്ങളിലെ തുറസ്സായ സ്ഥലം കുറവ്-ചട്ട വിരുദ്ധമായി പെർമിറ്റും നമ്പറും അനുവദിച്ചു | 2-7 |
| 19 | മേഖല തെറ്റായി കണക്കാക്കിയും വഴി വർദ്ധന കണക്കിലെടുക്കാതെയും നികുതി നിർണ്ണയിച്ചു. | 2-8 |
| 20 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല | 2-9 |
| 21 | കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചതിലെ അപാകതകൾ. | 2-10 |
| 22 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച്. | 2-11 |
| | ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | SSA -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-1 |
| 24 | തുല്യതാ പരീക്ഷ – അധികം പണം നൽകി | 3-2 |
| 25 | ടെണ്ടർ കുറവ് പൂർണ്ണമായി കുറക്കാതെ പണം നൽകി ₹ 16901 നഷ്ടം | 3-3 |
| 26 | കരാറുകാരന് അർഹമായതിനെക്കാൾ തുക നൽകി ₹ 36954 നഷ്ടം. | 3-4 |
| 27 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 3-5 |
| 28 | എഞ്ചിനിയറുടെ പ്രൊജക്ട് അവലോകനം | 3-6 |

| | | |
|---|---|---|
| 29 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് രജിസ്റ്ററുകൾക്കും ഫോമുകൾക്കും മറ്റും വില നൽകിയത് - സ്റ്റോക്ക് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 3-7 |
| 30 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്. | 3-8 |
| 31 | കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. | 3-9 |
| 32 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പ് വരുത്തിയില്ല. | 3-10 |
| 33 | ബാലസഭ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചത് - അപാകതകൾ. | 3-11 |
| 34 | ആശ്രയ പദ്ധതി. | 3-12 |
| 35 | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത. | 3-13 |
| 36 | കുടുംബശ്രീ സംരംഭങ്ങൾക്ക് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 3-14 |
| 37 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 3-15 |
| | ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 49 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 50 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 51 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2017-18 ലെ ബജറ്റ് 15.03.2017 ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 21.03.2018 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 18.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018മുതൽ 28.06.2018 വരെ. | കെ.എസ്.എ.എം.പി.എം.16/1258/18 തി.05.07.2018 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 9485538 |
| വരവ് | 67713595 |
| ആകെ | 77199133 |
| ചെലവ് | 66139870 |
| നീക്കിയിരുപ്പ് | 11059263 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21440000 | 21440000 | 15284288 | 6155712 | 71.29% |
| വികസനഫണ്ട് എസ്.സി.പി. | 0 | 9772175 | 9772175 | 8665572 | 1106603 | 88.67% |
| വികസനഫണ്ട് ടി.സി.പി. | 0 | 404848 | 404848 | 338338 | 66510 | 83.57% |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 4188000 | 4188000 | 2911626 | 1276374 | 69.52% |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 3499000 | 3499000 | 3387345 | 111655 | 96.81% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7725577 | 7725577 | 5276231 | 2449346 | 68.30% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 159716 | 159716 | 159716 | 0 | 100% |
| സാക്ഷരത | 3041 | 124 | 3165 | 0 | 3165 | 0% |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (അഡ്മിനിസ്ട്രേഷൻ) | 389843 | 981938 | 1371781 | 998183 | 373598 | 72.77% |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (ഇ.എഫ്.എം.എസ്) | 0 | 20839536 | 20839536 | 20839536 | 0 | 100% |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | 0 | 1193000 | 1193000 | 1193000 | 0 | 100% |
| ജോയന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ | 0 | 755000 | 755000 | 755000 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത്) | | | | | | |
| ബി. ഫണ്ട് | 0 | 54889340 | 54889340 | 54889340 | 0 | 100% |
| തനത് ഫണ്ട് ബാങ്ക് | 2592767 | 14901722 | 17494489 | 6750572 | 10743917 | 38.59% |
| തനത് ഫണ്ട് ട്രഷറി | 3730710 | 13592137 | 17322847 | 18039551 | (-) 716704 | 104% |
| എസ്.എസ്.എ | 143877 | 5360 | 149237 | 0 | 0 | 0% |
| സ്പെഷ്യൽ ടി.എസ്.ബി (ജോയിന്റ് വെഞ്ചർ) | 0 | 650000 | 650000 | 620000 | 30000 | 95.38% |
| ഇ.പേയ്മെന്റ് | 13637 | 16721 | 30358 | 118 | 30240 | 0.39% |
| എസ്.ബി.ഐ- സാന്റ് | 2003277 | 2728229 | 4731506 | 4465459 | 266047 | 94.38% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 8132308 | 129 | 6987310 | 50 | 90 | 47.95 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 389843 | 981938 | 1371781 | 998183 | 373598 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നൽകുന്നത്, | 0 | 20839536 | 20839536 | 20839536 | 0 |
| ആകെ | 389843 | 21821474 | 22211317 | 21837719 | 373598 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 198840 | 336 |
| കർഷകതൊഴിലാളിപെൻഷൻ | 13411800 | 1214 |
| വിധവാപെൻഷൻ | 12557800 | 1128 |
| വാർദ്ധക്യകാലപെൻഷൻ | 21309400 | 1855 |
| വികലാംഗപെൻഷൻ | 6029400 | 564 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 753100 | 67 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 510000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 40,989/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിൽ കണ്ടെത്തിയ പൊതുവായ പോരായ്മകൾ താഴെ പറയുന്നു.

1. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാര്യക്ഷമമായി സൂക്ഷിക്കുന്നില്ല.

2. ഭരണ സമിതി മിനുട്സ് ബുക്കിൽ തീരുമാനങ്ങൾക്ക് തുടർച്ചയായി നമ്പർ നൽകുന്നില്ല.

3. സാധനങ്ങൾ വാങ്ങുമ്പോൾ ബില്ലുകളിൽ സ്റ്റോക്ക് സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

4.വിലപിടിപ്പുള്ള ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള സാധനങ്ങളുടെയും, രജിസ്റ്ററുകളുടെയും ഫോമുകളുടെയും, പേന,പെൻസിൽ പോലുള്ള പെറ്റി പർച്ചേസുകളുടെയും സ്റ്റോക്ക് വിവരം ഒറ്റ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. കാര്യക്ഷമമായ രീതിയിൽ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും, ആയത് കാലികമായി പരിശോധിച്ച് സ്റ്റോക്ക് സാക്ഷ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

5.പഞ്ചായത്തിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ വാർഷിക ആവശ്യകത നിശ്ചയിച്ച് സമാനമായ സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇത് സാധനങ്ങൾ വാങ്ങുന്ന നടപടി ക്രമങ്ങൾ ആവർത്തിക്കപ്പെടുന്നതിനും, സാധനങ്ങളുടെ വിലയിനത്തിൽ ലഭിക്കുമായിരുന്ന കുറവ് ലഭിക്കാതെ പോകുന്നതിനും ഇടയാക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.01.2019 | 01.12.2018 മുതൽ 31.12.2018 വരെ | 24.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.11.2016 മുതൽ 15.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 08.02.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

1). വാർഷിക ധനകാര്യ പത്രികയുടെ കൂടെ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

2). അസറ്റ് രജിസ്റ്ററിൽ ആസ്തികളുടെ വില രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3). ഡേബുക്കിൽ സെക്രട്ടറി ദൈനംദിനം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4). ഡെപ്പോസിറ്റ് വർക്കുകൾക്ക് അഡ്വാൻസുകൾ നൽകിയതായി അറിയിച്ചുവെങ്കിലും അവ "Advance to implimenting agencies" എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി ബുക്കുകളുടെ പരിശോധന - അപാകതകൾ

രശീതി ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1). രശീതി ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രശീതി ബുക്കുകൾ ഔട്ട് ഡോർ കളക്ഷൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് മുമ്പ് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 1574, 1580, 1582, 1585, 1586, 1587, 1589, 1590, 13759, 13755, 13762, 13769, 13766, എന്നീ രശീതി ബുക്കുകളിൽ ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഉൾപ്പെടുത്തിയിട്ടില്ല.

2). ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്തിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഔട്ട് ഡോർ ഉദ്യോഗസ്ഥൻ കൈപ്പറ്റിയ 1587 നമ്പർ രശീതി ബുക്കിലെ ഉപയോഗിക്കാതെ അവശേഷിച്ച 26 മുതൽ 100 വരെയുള്ള രശീതികൾ ക്യാൻസൽ ചെയ്തിട്ടില്ല. അവശേഷിക്കുന്ന രശീതികൾ ക്യാൻസൽ ചെയ്യാതിരിക്കുന്നത് രശീതികളുടെ ദുരുപയോഗത്തിന് സാഹചര്യം സൃഷ്ടിക്കുന്നതാണ്.

3).ക്യാൻസൽ ചെയ്ത രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

താഴെ പറയുന്ന രശീതികൾ ക്യാൻസൽ ചെയ്ത് ഡ്യൂപ്ളിക്കേറ്റ് സഹിതം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1576/52, 13751/79, 13754/45, 13756/10,13,71, 13760/2,30, 13761/19, 1574/29,30,31,36,48,53,80,92,93,94, 1581/6,25,49,52,80,63,96,100, 1582/13,22,27,88, 1585/8, 1589/34,52,59,77, 13755/73,93,94,99, 13757/56,66,83, 13762/ 28,34,41, 13769/14,58,64, 1580/16,67. 1580 നമ്പർ രശീതി പുസ്തകത്തിലെ രശീതി നമ്പർ 11,12,13 എന്നിവ പ്രകാരം ആകെ 293/-(91+101+101) രൂപയും 1581 നമ്പർ രശീതി പുസ്തകത്തിലെ രശീതി നമ്പർ 6 പ്രകാരം 16 രൂപയും ഈടാക്കിയതായി കാണുന്നു. എന്നാൽ ടി രശിതികൾ കാൻസൽ ചെയ്തതായാണ് കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയത്(രശീതികൾ കാൻസൽ ചെയ്തിട്ടില്ല).

4). ഔട്ട് ഡോർ കളക്ഷൻ തുക അതാത് ദിവസം ഓഫീസിൽ അടവാക്കിയിട്ടില്ല.

ഔട്ട്ഡോർ കളക്ഷൻ ഉദ്യോഗസ്ഥർ പിരിവ് തുക അതാത് ദിവസം തന്നെ ഓഫീസിൽ അടവാക്കണമെന്നിരിക്കെ ഭൂരിപക്ഷം ദിവസങ്ങളിലും അടുത്തദിവസമാണ് അടവാക്കിയിട്ടുള്ളത്. ചില ദിവസങ്ങളിലെ കളക്ഷൻ തുക ഒരു ദിവസത്തിൽ കൂടുതൽ കൈവശം സൂക്ഷിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കളക്ഷൻ തിയ്യതി | തുക | അടവാക്കിയ തിയ്യതി |
|---|---|---|
| 06.10.2018 | 12771/- | 08.10.2018 |
| 14.11.2018 | 2617/- | 16.11.2018 |
| 18.12.2018 | 100/- | 24.12.2018 |
| 02.02.2019 | 6464/- | 04.02.2019 |
| 06.10.2018 | 1448/- | 08.10.2018 |

ഔട്ട്ഡോർ പിരിവ് തുക അതാത് ദിവസം തന്നെ ഓഫീസിൽ അടവാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5) രശീതി ബുക്ക് നമ്പർ 13763ൽ 1 മുതൽ 10 വരെ രശീതികളിൽ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

6) രശീതി ബുക്ക് നമ്പർ 1562, 1578, 1584, 1588 എന്നിവയും അവയുടെ കളക്ഷൻ രജിസ്റ്ററുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി രസീത് ബുക്കുകൾ പ്രകാരം എത്ര രൂപ പിരിച്ചെടുത്തെന്നോ ആയത് മുഴുവൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം ഔട്ട്ഡോർ കളക്ഷൻ ഉദ്യോഗസ്ഥർക്ക് നൽകിയതായി കാണുന്നില്ല. കളക്ഷൻ രജിസ്റ്ററിൽ എല്ലാ പേജുകളിലും കളക്ഷൻ തിയതിയും രശീതി പുസ്തകത്തിന്റെ നമ്പറും പൂർണ്ണമായും രേഖപ്പെടുത്തിക്കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.11/25.02.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.6 പ്രകാരമുള്ള രസീത് ബുക്കുകളും അവയുടെ കളക്ഷൻ രജിസ്റ്ററുകളും പണം ഒടുക്ക് രേഖകൾ സഹിതം പരിശോധനക്ക് ഹാജരാക്കേണ്ടതും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 2-2 രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നു

വാഴക്കാട് ഗ്രാമപഞ്ചായത്ത് 11 ാം വാർഡിൽ എടവണ്ണപ്പാറ അങ്ങാടിയിൽ 11/1967, 11/1968, 11/1969 എന്നീ നമ്പർ കെട്ടിടങ്ങളിലായി ട്യൂഷൻ സെന്റർ(ആൽഫ അക്കാദമി-എടവണ്ണപ്പാറ) നടത്തുന്നതിനായി ശ്രീമതി. സൗദാബി എം.എ, മംഗലശ്ശേരി വീട്, വാഴക്കാട് എന്നവർക്ക് 132/17-18 തിയതി-24.05.17 നമ്പർ ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

എന്നാൽ ടി സ്ഥാപനം ഉൾപ്പടെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 266 പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. സെക്ഷൻ 267 പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നടത്തുകയോ പരിപാലിക്കുകയോ ചെയ്താൽ ആയിരം രൂപ വരെയുള്ള പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറു രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതും മേൽ ആൽഫ അക്കാദമി-എടവണ്ണപ്പാറ എന്ന സ്ഥാപനം നിയമപ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതും അല്ലായെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാത്തതിന്റെ വ്യക്തമായ കാരണം ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.14/25.02.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 2-3 ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു-വിവരങ്ങൾ ലഭ്യമാക്കിയില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഡി&ഒ, രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലൈസൻസ് (തൊഴിൽ നികുതി ഉൾപ്പെടെ) സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിക്കാണുന്നില്ല. മാത്രമല്ല തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയതായും കാണുന്നില്ല. മേൽ സാഹചര്യത്തിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള വിവരങ്ങൾ രണ്ട് ദിവസത്തിനകം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.10/25.02.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് നൽകി ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 2-4 മുറി വാടക പൂർണ്ണമായും പിരിച്ചെടുത്തില്ല

1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എടവണ്ണപ്പാറ ബസ് സ്റ്റാന്റ് കെട്ടിട സമുച്ചയത്തിലെ ആറ് മുറികളുടെ, വാടക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | റൂം നമ്പർ | വാടകക്കെടുത്ത വ്യക്തിയുടെ പേര് | മാസ വാടക | വാടക ഈടാക്കാത്ത മാസം | 2017-18 ൽ ആകെയുള്ള വാടക കുടിശ്ശിക |
|---|---|---|---|---|---|
| 1 | 7 | മുഹമ്മദ് ഷരീഫ് ചെറുകുണ്ടിൽ | 2512 | 2017 ജുലൈ മുതൽ 2018 മാർച്ച് വരെ(9 മാസം) | 22608 |
| 2 | 24 | കെ.കെ മുഹമ്മദ് ചൂരപ്പട്ട | 4290 | 2017 നവംബർ മുതൽ 2018 മാർച്ച് വരെ(5 മാസം) | 21450 |
| 3 | 25 | റഷീദലി കാരിയോട് | 5386 | 2017 ജൂൺ മുതൽ 2018 മാർച്ച് വരെ(10 മാസം) | 53860 |
| 4 | 4A | റഹ്മത്തുള്ള പള്ളിയാളിത്തൊടി | 887 | 2017 ജൂൺ മുതൽ 2018 മാർച്ച് വരെ(10 മാസം) | 8870 |

| | | | | | |
|---|---|---|---|---|---|
| 5 | 7A | നിഷമത്തുള്ള പട്ടാക്കൽ | 919 | 2017 ഒക്ടോബർ മുതൽ 2018 മാർച്ച് വരെ(6 മാസം) | 5514 |
| 6 | 13A | അബ്ദുൽ ഗഫൂർ തയ്യിൽതൊടികയിൽ | 1341 | 2018 ജനവരി മുതൽ 2018 മാർച്ച് വരെ(3 മാസം) | 4023 |
| ആകെ | | | | | 116325 |

ആകെ കുടിശ്ശിക 116325/- രൂപയും ആയതിന്റെ നികുതിയും ചേർത്ത് ഈടാക്കേണ്ടതുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.12/25.02.19) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ മേൽ കടമുറികളുടെ വാടക ലഭ്യമാക്കുന്നതിനായി അതാത് മുറികൾ വാടകക്കെടുത്തവർക്കെതിരെ ബഹു.മഞ്ചേരി കോടതിയിൽ കേസ് ഫയൽ ചെയ്തതായി അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശികയും നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഴക്കാട് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക 2010 ഒക്ടോബർ മാസത്തിലാണ് അവസാനം ഈടാക്കിയത്. ശേഷം നാളിതുവരെ വാടക ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.12/25.02.19) ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് ജില്ലാ പോലീസ് മേധാവിക്ക് കത്തയച്ചിട്ടുണ്ടെങ്കിലും വാടക കുടിശ്ശിക ലഭ്യമായിട്ടില്ല എന്ന് അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക ലഭ്യമാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി-ഈടാക്കിയില്ല / അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ/സ്ഥാപന തൊഴിൽ നികുതി ഓഡിറ്റ് വർഷത്തിൽ ചില വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

1) ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ വർഷത്തിൽ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | ജീവനക്കാരിയുടെ പേര് | തസ്തിക/സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | കദീജത്ത് നസ്രീന | മഞ്ചേരി അർബൺ കോ. ബാങ്ക് ലിമിറ്റഡ്, വാഴക്കാട് ബ്രാഞ്ച് | 112875/- | 750 | 1000 | 250 |
| 2 | വിജയലക്ഷ്മി ഇ | പി.ടി.എസ്-എം.ഡി.സി ബാങ്ക്, വാഴക്കാട് ബ്രാഞ്ച് | 132975/- | 1000 | 1250 | 250 |
| ആകെ കുറവ് | | | | | | 500 |

2) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | വില്ലേജ് ഓഫീസ്, വാഴക്കാട് | I |
| 2 | മാവേലി സ്റ്റോർ, എടവണ്ണപ്പാറ | I, II |
| 3 | ആഷി ആശുപത്രി, | I, II |

| | | |
|---|---|---|
| | എടവണ്ണപ്പാറ | |
| 4 | റേഷൻ കടകൾ | I, II |

3) ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ<br>(WP(C)No. 16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ (തിയതി. 07.09.2016 ) സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയതാണ്) | I, II |
| 2 | കെ.എസ്.ഇ.ബി | I, II |
| 3 | മാവേലി സ്റ്റോർ, എടവണ്ണപ്പാറ | I, II |
| 4 | എസ്.ബി.ഐ വാഴക്കാട് | I, II |
| 5 | പഞ്ചാബ് നാഷനൽ ബാങ്ക്, വാഴക്കാട് | I, II |
| 6 | ലൈഫ് കെയർ ആശുപത്രി, എടവണ്ണപ്പാറ | I, II |
| 7 | ഇഖ്റ കമ്മ്യൂണിറ്റി ആശുപത്രി, വാഴക്കാട് | I, II |
| 8 | ആഷി ആശുപത്രി, എടവണ്ണപ്പാറ | I, II |
| 9 | റേഷൻ കടകൾ | I, II |

4) ലൈഫ് കെയർ ആശുപത്രി-എടവണ്ണപ്പാറ, ഇഖ്റ കമ്മ്യൂണിറ്റി ആശുപത്രി-വാഴക്കാട് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിലെ ഡോക്ടർമാരിൽ നിന്ന് നികുതി ഈടാക്കിയതായി കാണുന്നില്ല. മാത്രമല്ല, മേൽ സ്ഥാപനങ്ങളിലെയും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്ന് വളരെ കുറഞ്ഞ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വളരെ പരിമിതമായ നികുതിയാണ് ഈടാക്കിയിട്ടുള്ളത്.

5) 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14 പ്രകാരം സെക്രട്ടറി സ്ഥാപനത്തിന്റെ ഉടമയോടോ സ്ഥാപനത്തിന്റെ തലവൻ / സെക്രട്ടറി / മാനേജരോടോ സ്ഥാപനത്തിൽ തൊഴിലെടുക്കുന്ന എല്ലാവരുടേയും പേര് വിവരം രേഖാമൂലം നൽകുന്നതിന് നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഇപ്രകാരം നോട്ടീസ് നൽകുകയോ ചട്ടം 16 പ്രകാരമുള്ള റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ അവയുടെ ഡി&ഒ ലൈസൻസ് അപേക്ഷയിൽ 5ഉം അതിലധികവും പേർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തി ബോധിപ്പിച്ചിട്ടുണ്ടെങ്കിലും ഒരാളിൽ നിന്നു പോലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ | ലൈസൻസ് നേടിയ വ്യക്തി, ഉദ്ദേശം |
|---|---|---|---|---|
| 1 | ഫാരിസ് ഹോട്ടൽ , കൂൾബാർ&ബേക്കറി | 9 | 214/17-18 dt. 11.07.17 | അഷ്റഫ് തറമ്മൽ-ഹോട്ടൽ , കൂൾബാർ&ബേക്കറി നടത്തിപ്പ് |
| 2 | ഖൻസ ഫുഡ് | 6 | 36/17-18 dt. 24.04.17 | റംല, w/o സുൽഫിക്കർ-അച്ചാർ, ഉപ്പിലിട്ടത് നിർമ്മാണം, വിൽപ്പന |
| 3 | മമത ഹോട്ടൽ, എടവണ്ണപ്പാറ | 6 | 208/17-18 dt. 14.07.17 | അസൈനാർ, തറമ്മൽ വീട് -ഹോട്ടൽ നടത്തിപ്പ് |
| 4 | മമത ബേക്കറി | 6 | 205/17-18 dt. 14.07.17 | അസൈനാർ, തറമ്മൽ വീട് -ബേക്കറി സാധനങ്ങളുടെ നിർമ്മാണം |

| | | | | |
|---|---|---|---|---|
| 5 | മമത ബേക്കറി | 6 | 206/17-18 dt. 14.07.17 | അസൈനാർ, തറമ്മൽ വീട് -ബേക്കറി സാധനങ്ങളുടെ നിർമ്മാണം, വിൽപ്പന. |
| 6 | എ.എം മോട്ടോർസ് | 5 | 280/17-18 dt. 07.09.17 | മാരുതി കാറുകളുടെ വിൽപ്പന |
| 7 | മെഡികെയർ ഡയഗ്നോസ്റ്റിക് & റിസർച്ച് സെന്റർ | 5 | 200/17-18 dt. 30.06.17 | റഹ്മത്തുള്ള കെ.ടി-ലാബ്, ഫാർമസി, സ്കാനിംഗ്, X Ray, ഡെന്റൽ ക്ലിനിക് എന്നിവയുടെ നടത്തിപ്പ് |
| 8 | ലുലുക്കാസ് ഗോൾഡ് & ഡയമണ്ട്സ് | 5 | 4/17-18 dt. 24.04.17 | ജ്വല്ലറി നടത്തിപ്പ് |
| 9 | വസന്തം വെഡ്ഡിംഗ് സെന്റർ | 5 | 164/17-18 dt. 12.06.17 | വി നൗഷാദ്-വസ്ത്ര വ്യാപാരം |
| 10 | മമത ബേക്കറി & കൂൾബാർ | 5 | 209/17-18 dt. 14.07.17 | മുഹമ്മദ് അസ്ലം തറമ്മൽ വീട്- ബേക്കറി, കൂൾബാർ നടത്തിപ്പ് |
| 11 | മമത ബേക്കറി & കൂൾബാർ | 5 | 207/17-18 dt. 14.07.17 | ജാഫർ ടി.വി തറമ്മൽ വീട്- ബേക്കറി, കൂൾബാർ നടത്തിപ്പ് |

6) ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടേയും പേരു വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ നിന്നും തൊഴിൽ/സ്ഥാപന തൊഴിൽ നികുതികൾ ഈടാക്കാത്തതിനും (നികുതികൾ മുൻപേ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം അക്കാര്യം അറിയിക്കേണ്ടതാണ്) കുറവായി ഈടാക്കിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.13/25.02.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 2-6 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 06.12.11ലെ എ2-22399/2011 നമ്പർ അന്തിമ വസ്തു നികുതി പരിഷ്കരണ വിജ്ഞാപനത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ

അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.

ചട്ടം (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. നികുതി നിർണ്ണയത്തിലുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.27/01.03.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 2-7 കെട്ടിടത്തിന്റെ വശങ്ങളിലെ തുറസ്സായ സ്ഥലം കുറവ്-ചട്ട വിരുദ്ധമായി പെർമിറ്റും നമ്പറും അനുവദിച്ചു

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ, ചട്ടം 27(5) പ്രകാരം 10 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് വശങ്ങളിൽ ഒരു വശത്ത് 1.2 മീറ്ററും മറുവശത്ത് 1 മീറ്ററും ഉള്ള തുറസ്സായ സ്ഥലങ്ങൾ ഉണ്ടാവേണ്ടതാണ്. 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് അതിരിനോട് ചേർന്ന് വരുന്ന വശത്തുള്ള പ്ലോട്ടിന്റെ ഉടമസ്ഥന്റെ സമ്മതപത്രമുണ്ടെങ്കിൽ അതിരിനോട് ചേർന്ന് തന്നെ മേൽ അകലം പാലിക്കാതെ നിർമ്മാണം നടത്താവുന്നതാണ്. 7 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് മേൽ ഇളവ് ബാധകമല്ല.

എന്നാൽ ചുവടെ ചേർത്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 7 മീറ്ററിൽ കൂടുതൽ ഉയരമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് പ്ലോട്ടിന്റെ അതിരിന് ചേർന്നുള്ള നിർമ്മാണത്തിന് തടസ്സമില്ല എന്ന് തൊട്ടടുത്തുള്ള പ്ലോട്ടിലെ ഉടമസ്ഥന്റെ സാക്ഷ്യപ്പെടുത്തലോട് കൂടിയും അല്ലാതെയും തൊട്ടടുത്തുള്ള പ്ലോട്ടിന്റെ അതിരിൽ നിന്നും വേണ്ടത്ര അകലം പാലിക്കാതെ ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചിരിക്കുന്നതായും നിർമ്മാണം പൂർത്തിയാക്കി നമ്പർ അനുവദിച്ചതായും കാണുന്നു.

| ക്രമ നം | അപേക്ഷകന്റെ/ഉടമയുടെ പേര് | കെട്ടിട നമ്പർ/തരം | കെട്ടിടത്തിന്റെ ഉയരം | അതിരിനോട് ചേർന്ന് കുറഞ്ഞ അകലം |
|---|---|---|---|---|
| 1 | ബദറുന്നിസ | 11/577B to K, വാണിജ്യം | 9.10m | 10cm |
| 2 | അബ്ദുൽ നസീർ, മുഹമ്മദ് ബഷീർ | 7/327A to G വാണിജ്യം | 9.25m | 80cm |
| 3 | ഷരീഫ് | 11/1278E to G വാണിജ്യം | 8.45m | 20cm |

പ്ലോട്ടിന്റെ അതിരിൽ നിന്നും വേണ്ടത്ര അകലം പാലിക്കാതെ ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിച്ചതിനും അത്തരം കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.28/01.03.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 2-8 മേഖല തെറ്റായി കണക്കാക്കിയും വഴി വർദ്ധന കണക്കിലെടുക്കാതെയും നികുതി നിർണ്ണയിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ-ചട്ടം 6, വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 06.12.11ലെ എ2-22399/2011 നമ്പർ അന്തിമ വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം എന്നിവ പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ താഴെ പറയുന്ന വർദ്ധന, ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

| തരം | ഇളവ്/ വർദ്ധന |
|---|---|

| | |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് | 20%വർദ്ധന |
| 250 ചതുരശ്ര മീറ്ററിൽ കൂടുതലുള്ളതും മുന്തിയ തരം തറയുള്ളതുമായ കെട്ടിടങ്ങൾക്ക് | 15%വർദ്ധന |
| ദ്വിതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് | 10%ഇളവ് |
| തൃതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് | 20%ഇളവ് |
| കുറഞ്ഞ തരം മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് | 10%ഇളവ് |
| വാണിജ്യം-ഓഫീസ് എന്നീ ആവശ്യങ്ങൾക്കുള്ള ബഹു നില കെട്ടിടങ്ങൾക്ക് ഒന്നാം നില മുതൽ അഞ്ചാംനിലവരെ ഓരോ നിലക്കും | 5% ഇളവ് |

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

പാർപ്പിടം - 3/-രൂപ/ച.മീ.

വാണിജ്യം - 100 $m^2$ വരെ 30/-രൂപ/ച.മീ., 100 $m^2$ ന മുകളിൽ 50/-രൂപ/ച.മീ.

ലോഡ്ജ് - 20/-രൂപ/ച.മീ.

I) <u>പ്രഥമ മേഖല പരിഗണിക്കാതെ നികുതിയിളവ് നൽകി നികുതി നിർണ്ണയിച്ചു.</u>

കംപ്ലീഷൻ പ്ലാൻ, വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം എന്നിവ പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെട്ട ചുവടെ ചേർത്ത കെട്ടിടങ്ങളുടെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നൽകിയതിൽ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടം എന്ന് തെറ്റായി വിവരം നൽകിയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 10% കുറവ് വന്നതായി കാണുന്നു.

| ക്രമനം | കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പർ, തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി/ നിർണ്ണയിച്ച തിയ്യതി | | ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് വന്ന തുക | |
|---|---|---|---|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി |
| 1 | ശ്രീ.ഷരീഫ് കക്കാട്ട്മേൽ വീട്ടിൽ, വാണിജ്യം | 11/1278 A 20 $m^2$ | 660/- 04.05.17 | 33 | 720/- (20x30=600+20%=720) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 36 | 60 | 3 |
| | | 11/1278 B 21 $m^2$ | 693/- 04.05.17 | 35 | 756/- (21x30=630+20%=756)മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 39 | 63 | 4 |
| 2 | ശ്രീ.മുജീബ്റഹ്മാൻ വാണിജ്യം | 5/85C,D,E 3x19.8= 59.4$m^2$ | 3x654=1962/- 07.06.17 | 3x33= 99 | 2139/- ((19.8x30=594+20%=713)x3=2139/-) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 3x36= 108 | 177 | 9 |
| | | 5/85F,G,H 3x19.8= 59.4$m^2$ ഒന്നാം നില | 3x622=1866/- 07.06.17 | 3x32= 96 | 2034/- (((19.8x30=594+20%)-5%=678)x3=2034/-) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20%, ഒന്നാം നില ഇളവ്- 5% | 3x34= 102 | 168 | 6 |
| 3 | ശ്രീ. അലിബഷീർ വാണിജ്യം | 5/496 A, 15 $m^2$ | 495/- 10.01.18 | 25 | 540/- (15x30=450+20%=540) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 27 | 45 | 2 |
| | | 5/496 B,F,G,H,J 5x14= 70 $m^2$ | 5x462=2310/- 10.01.18 | 5x24= 120 | 2520/- ((14x30=420+20%=504)x5=2520/-) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 5x25= 125 | 210 | 5 |
| | | 5/496 C,I 2x13= 26 $m^2$ | 2x429=858/- 10.01.18 | 2x22= 44 | 936/- ((13x30=390+20%=468)x2= 936/-) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 2x23= 46 | 78 | 2 |
| | | 5/496 D, 12 $m^2$ | 396/- 10.01.18 | 20 | 432/- ((12x30=360+20%=432) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 22 | 36 | 2 |
| | | 5/496 E, 21 $m^2$ | 693/- 10.01.18 | 35/- | 756/- ((21x30=630+20%=756) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 38 | 63 | 3 |
| | | 5/496 K, 13.35 $m^2$ | 441/- 10.01.18 | 23 | 481/- ((13.35x30=400.5+20%=481) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 24 | 40 | 1 |
| | | 5/496 L,M,O,P, | 4x660=2640/- | 4x33= 132 | 2736/- (((20x30=600+20%_-5%=684x4=2736/-) മേഖല ഇളവ്-ഇല്ല, വഴി | 4x34= 136 | 96 | 4 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 4x20= 80 $m^2$ ഒന്നാം നില | 10.01.18 | | വർദ്ധന-20%, ഒന്നാം നില ഇളവ് - 5% | | | |
| 4 | ശ്രീ. അലിബഷീർ, ലോഡ്ജ് | 5/496 N, 75 $m^2$ | 1650/- 10.01.18 | 83 | 1800/- ((75x20=1500+20%=1800) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 90 | 150 | 7 |
| | | 5/496 Q,R 2x35= 70 $m^2$ | 2x770=1540/- 10.01.18 | 2x39= 78 | 1680/- ((35x20=700+20%=840)x2=1680/-) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 84 | 140 | 6 |
| ആകെ കുറവ് | | | | | | | 1326 | 54 |

II) വഴി വർദ്ധന കണക്കിലെടുക്കാതെയും പ്രഥമ മേഖല പരിഗണിക്കാതെയും നികുതി നിർണ്ണയിച്ചു.

കെട്ടിട ഉടമ സമർപ്പിച്ച പ്ലാൻ, ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം എന്നിവ പ്രകാരം ചുവടെ ചേർത്ത വ്യക്തികളുടെ കെട്ടിടങ്ങൾ പ്രഥമ മേഖലയിലുൾപ്പെടുന്നതും ടി കെട്ടിടങ്ങളിലേക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യമുള്ളതുമാണ്. എന്നാൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ടി കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലുൾപ്പെടുത്തി 10% നികുതിയിളവ് നൽകുകയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധന കണക്കിലെടുക്കാതിരിക്കുകയും ചെയ്തതിനാൽ വസ്തുനികുതിയിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമനം | കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിട നമ്പര്, തറ വിസ്തീർണ്ണം | ഈടാക്കിയ തുക , രസീത് നമ്പർ/ തിയ്യതി | | ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് വന്ന തുക | |
|---|---|---|---|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി |
| 1 | ശ്രീ. നാസർ വാണിജ്യം | 16/102 D, E 2x31= 62 $m^2$ | 2x837=1674/- 17.02.18 | 2x42= 84 | 2232/- ((31x30=930+20%=1116)x2=2232) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20% | 56x2= 112 | 558 | 28 |
| 2 | ശ്രീ. സഹീറലി സി.എ വാണിജ്യം | 5/469 A 25$m^2$ | 675/- നികുതി പ്രാബല്യം:17-18 2nd Half: 675/2=337/- 09.03.18 | 17 | 450/- (25x30=750+20%=900) മേഖല ഇളവ്-ഇല്ല, വഴി വർദ്ധന-20%, നികുതി പ്രാബല്യം:17-18 2nd Half: 900/2=450/- | 17 | 113 | 0 |
| ആകെ കുറവ് | | | | | | | 671 | 28 |

III)വഴി വർദ്ധന കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ചു.

താഴെ പറയുന്ന അപേക്ഷകരിൽ നിന്ന് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി ഉണ്ടായിരിക്കെ നികുതി കണക്കാക്കുമ്പോൾ ഇത് 1.5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴി എന്ന് സഞ്ചയയിൽ തെറ്റായ വിവരം നൽകിയിട്ടുണ്ട്. ഇതിനാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർധനവ് കണക്കിലെടുക്കാത്തതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ നമ്പർ തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി / നിർണ്ണയിച്ച തിയ്യതി | | ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് വന്ന തുക | |
|---|---|---|---|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി |
| 1 | ശ്രീ.അബ്ദുറസാഖ്, പാർപ്പിടം | 19/301 A 201.04 $m^2$ | 543/- 21.04.17 | 28 | 664/- (201.04x3=603.12-10%+20%=663.4) ദ്വിതീയ മേഖല ഇളവ്:10%, വഴി വർദ്ധന :20%, | 33 | 121 | 5 |
| 2 | ശ്രീ.മുഹമ്മദ് പനയംതൊടിക, വാണിജ്യം | 2/51 B, C, D 3x27.94= 83.84 $m^2$ ഒന്നാം നില | 3x770=2310/- 26.04.17 | 3x39= 117 | 2766/- (((27.94x30=838.2-10%+20%)-5%=922)x3=2766/-), ദ്വിതീയ മേഖല ഇളവ്:10%, വഴി വർദ്ധന :20%, ഒന്നാം നില ഇളവ്-5% | 3x46= 138 | 456 | 21 |
| | കുറിപ്പ്: പ്ലാൻ പ്രകാരം ആകെ 83.84 $m^2$ വിസ്തീർണമാണുള്ളത്, എന്നാൽ 90 $m^2$ന് (3x30)നികുതി കണക്കാക്കിയതായി കാണുന്നു | | | | | | | |
| 3 | ശ്രീ. അബു പീവഞ്ചീരിക്കാവിൽ പാർപ്പിടം | 14/258 B 159.27 $m^2$ | 431/- 14.06.17 | 22 | 526/- (159.27x3=477.81-10%+20%=526) മേഖല ഇളവ്-10%, വഴി വർദ്ധന-20% | 26 | 95 | 4 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | ശ്രീ. അഹമ്മദ് ഷരീഫ്, പാർപ്പിടം | 1/361A 53.53 $m^2$ . | 145/- 20.02.18 | 8 | 177/- (53.53x3=160.59-10%+20% =177) മേഖല ഇളവ്-10%, വഴി വർദ്ധന-20% | 9 | 32 | 1 |
| 5 | ശ്രീ.അഹമ്മദ് ഷരീഫ്, വാണിജ്യം | 1/361 B,C 2x33.955= 67.91 $m^2$ | 2x917=1834/- 20.02.18 | 92 | 2242/- ((33.955x30=1018.65-10%+20%=1121)x2=2242) മേഖല ഇളവ്-10%, വഴി വർദ്ധന-20% | 2x56= 112 | 408 | 20 |
| 6 | ശ്രീ.അബ്ദുൽ അസീസ് എൻ, വാണിജ്യം | 12/231 A,B,C 3x14= 42 $m^2$ | 3x378=1134/- 30.12.17 | 57 | 1386/- ((14x30=420-10%+20% =462) x3=1386) മേഖല ഇളവ്-10%, വഴി വർദ്ധന-20% | 3x23= 69 | 252 | 12 |
| 7 | ശ്രീ.അബ്ദുൽ അസീസ് എൻ, പാർപ്പിടം | 12/231 D 43.33 $m^2$ | 117/- 30.12.17 | 6 | 143/- (43.33x3=129.99-10%+20% =143) മേഖല ഇളവ്-10%, വഴി വർദ്ധന-20% | 7 | 26 | 1 |
| ആകെ കുറവ് | | | | | | | 1390 | 64 |

ആകെ 3533/-(1326+671+1390+54+28+64) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.25, 26/01.03.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ ശരിയായ വിവരങ്ങൾ ചേർത്ത് അപാകതകൾ പരിഹരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുകയും നഷ്ട തുക ആകെ 3533/- രൂപ ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-9 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ ധാരാളം പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്.

ഇ ടെണ്ടർ നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺ ലൈൻ ആയി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.മുൻവർഷങ്ങളിലും ഇത്തരത്തിൽ പഞ്ചായത്തിന് തുക ലഭിക്കാനുണ്ട്. തുക ലഭിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 2-10 കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചതിലെ അപാകതകൾ.

ശ്രീ. എം.സി.മുഹമ്മദ് ഹാജി, മാന്നാർചോല ഹൗസ്, ചീക്കോട്.പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള അധിക നിർമ്മാണം ക്രമവത്കരിച്ച് നൽകുന്നതിന് 30.05.2017 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി (ഫയൽ നമ്പർ.3319/17). അപേക്ഷയുടെ കൂടെയുള്ള പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ താഴെ പറയുന്ന പ്രകാരമായിരുന്നു.

| ഫ്ലോർ | തറവിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഫ്ലോർ ഏരിയ (ച.മീ) | കാർപ്പറ്റ് ഏരിയ (ച.മീ) |
|---|---|---|---|
| Basement Floor (Existing) | 71.84 | 71.84 | 58.00 |
| Ground Floor (Existing) | 1338.95 | 1323.32 | 1060.00 |
| First Floor (Existing) | 1208.44 | 1208.44 | 966.00 |
| Second Floor | 88.32 | 88.32 | 23.00 |

| | | | |
|---|---|---|---|
| (Existing) | | | |
| Second Floor (Additional) | 298.87 | 298.87 | 253.69 |
| Total | 3006.42 | 2990.79 | 2360.69 |

ഈ പ്ലാൻ അസിസ്റ്റന്റ് എഞ്ചിനീയർ സാങ്കേതിക പരിശോധന നടത്തി കെട്ടിടം ക്രമവത്കരിച്ച് നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

24.08.2017 ന് അപേക്ഷകൻ കെട്ടിടത്തിന്റെ വിസ്തീർണ്ണം അധികരിച്ച് കൊണ്ടുള്ള പ്ലാൻ വീണ്ടും സമർപ്പിക്കുകയും (ഫയൽ നമ്പർ.6947/17) ഈ അപേക്ഷ പ്രകാരം സെക്രട്ടറി കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട് (ഉത്തരവ് നമ്പർ.423 തി.26.08.2017) രണ്ടാം നിലയിലെ അധിക നിർമ്മാണത്തിൽ 304.29 ച.മീ ഗ്രൂപ്പ് D (സമ്മേളനം) വിനിയോഗത്തിനുള്ളതാണ്. എന്നാൽ ഈ പ്ലാൻ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തിയതായി കാണുന്നില്ല. പുതുക്കിയ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| ഫ്ലോർ | പ്ലിന്ത് ഏരിയ (ച.മീ) | ഫ്ലോർ ഏരിയ (ച.മീ) | കാർപ്പറ്റ് ഏരിയ (ച.മീ) |
|---|---|---|---|
| Basement Floor (Existing) | 71.84 | 71.84 | 58.00 |
| Ground Floor (Existing) | 1338.95 | 1323.32 | 1060.00 |
| First Floor (Existing) | 1208.44 | 1208.44 | 966.00 |
| Second Floor (Additional) | 1208.44 | 1003.53 | 802.82 |
| Total | 3827.67 | 3607.13 | 2886.82 |

ഈ കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നൽകിയതിൽ താഴെ പറയുന്ന നിയമലംഘനങ്ങൾ സംഭവിച്ചിട്ടുണ്ട്.

1). ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം ലഭിക്കാതെ കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നൽകി.

1999-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 57 പ്രകാരം, ആകെ തറവിസ്തീർണ്ണം 1500 ച.മീ കവിയുന്ന ഗ്രൂപ്പ് D വിനിയോഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ ലേഔട്ടിന്റേയും പ്ലോട്ടിന്റെ ഉപയോഗത്തിനും ജില്ലാ ടൗൺ പ്ലാനറിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. ചട്ടം 34(iii) പ്രകാരം, ഒന്നിൽ കൂടുതൽ ഉപയോഗങ്ങളുള്ള ഏതെങ്കിലുമൊരു കെട്ടിടത്തിന്റെ സംഗതിയിൽ അതിന്റെ ഏറ്റവും നിയന്ത്രിതമായ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം ഈ കെട്ടിടത്തിൽ 304.29 ച.മീറ്റർ ഫ്ലോർ ഏരിയയിലുള്ള ഓഡിറ്റോറിയം പ്രവർത്തിക്കുന്നതിനാൽ ഗ്രൂപ്പ് D വിനിയോഗത്തിൽ ഉൾപ്പെടുന്ന കെട്ടിടമാണ്. ആകെ 3607.13 ച.മീ ഫ്ലോർ ഏരിയയുള്ള ഈ കെട്ടിടം ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരമില്ലാതെ ക്രമവത്കരിച്ച് നൽകിയത് ഗുരുതരമായ ചട്ട ലംഘനമാണ്.

2). മതിയായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 35 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാതെയാണ് കെട്ടിടം ക്രമവത്ക്കരിച്ച് കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പഞ്ചായത്ത് കാറ്റഗറി | I |
| പ്ലോട്ട് വിസ്തീർണം | 3430 m2 |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണം | Plinth Area- 3827.67 m2 |
| | Floor Area- 3607.13 m2 |

| | Carpet Area- 2886.82 m2 | | |
|---|---|---|---|
| പാർക്കിംഗ് | നൽകേണ്ടത് | നൽകിയത് | കുറവ് |
| കാർ | 57 | 39 | 18 |
| ഇരു ചക്ര വാഹനം | 72 | 12 | 60 |
| Parking Calculation:<br>Car Parking – Grop F (2643.39 $m^2$ Carpet Area) : 46.20 Nos [13.33 (For 1000m2 @75) + 32.87 (For 1643.39 $m^2$ @50)] | | | |
| Car Parking – Grop D (243.43 $m^2$ Carpet Area) : 243.23 / 22.50 $m^2$ = 10.80 Nos.<br>(15 seats of accommodation – 1 parking, One seating accommodation needs 1.5 $m^2$ parking area, ie 1.5 x 15 = 22.50 $m^2$ Carpet Area) | | | |
| Car Parking TOTAL : 57 Nos. (Area for parking – 57 x 15 $m^2$ = 855 $m^{2)}$ | | | |
| Two Wheeler: 72 Nos [25% Car Parking Area = 213.75 $m^2$ / 3 $m^2$ = 71.25 ] | | | |

അസി. എൻജിനീയറുടെ സാങ്കേതിക പരിശോധന നടത്തിയ റിപ്പോർട്ടിൽ മേൽ അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകിയത് ക്രമ പ്രകാരമല്ല.

3). അഗ്നിശമന സേനയുടെ അംഗീകാരം ലഭിച്ചതിൽ നിന്നും അധികരിച്ച നിർമ്മാണം ക്രമവത്ക്കരിച്ച് നൽകി.

കെട്ടിടത്തിന് അഗ്നിശമന സേനയുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും (അനുമതി നമ്പർ. F99/2017 തി.19.05.2017) അനുമതി ലഭിച്ചത് പ്രകാരമുള്ള വിസ്തീർണ്ണം താഴെ പറയുന്ന പ്രകാരമാണ്.

| ഫ്ലോർ | പ്ലിന്ത് ഏരിയ (ച.മീ) | കാർപ്പറ്റ് ഏരിയ (ച.മീ) |
|---|---|---|
| Basement Floor (Existing) | 71.84 | 58.00 |
| Ground Floor (Existing) | 1316.56 | 1048.32 |
| First Floor (Existing) | 1355.23 | 1192.47 |
| Second Floor (Existing) | 29.12 | 0 |
| Second Floor (Additional) | 325.60 | 284.41 |
| Total | 3098.35 | 2583.20 |

ഇതിൽ നിന്നും വിഭിന്നമായ വിസ്തൃതിയിലുള്ള കെട്ടിടനിർമ്മാണമാണ് ക്രമവത്കരിച്ച് നൽകിയിട്ടുള്ളത്. അഗ്നിശമന സേനയുടെ അംഗീകാരം ലഭിച്ചതിനേക്കാൾ 729.32 ച.മീറ്റർ അധിക നിർമ്മാണം നടന്നിട്ടുണ്ട്. ഈ അപാകത പരിഹരിക്കാഞ്ഞത് കാരണം അധികമായ വിസ്തൃതിക്ക് സർക്കാരിലേക്ക് ലഭിക്കേണ്ട ഫീസിലും കുറവ് വന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വിവാഹ രജിസ്റ്റർ പരിശോധിച്ചതിൽ ഈ ഓഡിറ്റോറിയത്തിൽ 12.03.2017 ന് നടന്ന വിവാഹം രജിസ്റ്റർ ചെയ്തതായി കണ്ടു (രജിസ്ട്രേഷൻ നമ്പർ.41/2018 തിയ്യതി.22.02.2018). എന്നാൽ ഈ കെട്ടിടം ക്രമവത്ക്കരിച്ച് നൽകിയിരിക്കുന്നത് 26.08.2017 ന് മാത്രമാണ്. കെട്ടിട നിർമ്മാണം ക്രമീകരിച്ച് നൽകുന്നതിന് മുമ്പ് തന്നെ ഓഡിറ്റോറിയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിലും ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

കൂടാതെ ചട്ടം 57 (12) പ്രകാരം, ഭക്ഷണം പാകം ചെയ്യാനും കഴിക്കുന്നതിനുമുള്ള സജ്ജീകരണങ്ങളുള്ള കല്യാണ മണ്ഡപങ്ങളിൽ ഖരദ്രാവക മാലിന്യങ്ങളുടെ ശേഖരണത്തിനും ഖരദ്രാവക മാലിന്യങ്ങളുടെ പുറന്തള്ളലിനും വേണ്ടിയുള്ള ക്രമീകരണങ്ങളും ഉറപ്പ് വരുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച ഈ കെട്ടിടത്തിന് നടപടിക്രമങ്ങൾ പാലിക്കാതെ കെട്ടിട നമ്പർ നൽകിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 24/01.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടനിർമ്മാണം യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ ക്രമവത്ക്കരിച്ച് നൽകി കെട്ടിട നമ്പർ അനുവദിച്ചതിൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-11 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച്.

ശ്രീ. മജീദ്, മുഹമ്മദ് സലൂബ് & അബ്ദുൾ ഷുക്കൂർ, ചേങ്ങോടൻ ഹൗസ്, നെടിയിരുപ്പ് എന്നവർ 872.44 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിട നിർമ്മാണത്തിന് 28.12.2017 ന് പെർമിറ്റിന് അപേക്ഷിക്കുകയും ഗ്രാമപഞ്ചായത്ത് 11.09.2018-ലെ A2-BA(210460)/2018 നമ്പർ പ്രകാരം പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് മതിയായ പാർക്കിംഗ് സൗകര്യം ഉറപ്പ് വരുത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 പ്രകാരം ആകെ കാർപ്പറ്റ് വിസ്തീർണ്ണം 1000 ച.മീ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക്, 75 ച.മീ കാർപ്പറ്റ് വിസ്തീർണ്ണത്തിന് 1 എന്ന നിരക്കിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പഞ്ചായത്ത് കാറ്റഗറി | I | | |
| പ്ലോട്ട് വിസ്തീർണം | 861 m2 | | |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണം | Plinth Area- 872.44 m2 | | |
| | Floor Area- 872.94 m2 | | |
| | Carpet Area- 697.94 m2 | | |
| പാർക്കിംഗ് | നൽകിയത് | നൽകേണ്ടത് | കുറവ് |
| കാർ | 9 | 10 | 1 |
| Parking Calculation:<br>Car Parking: 10 Nos [9.31 (For 1000m2 @75) = 10 Nos. | | | |

അസി. എൻജിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ടിൽ മേൽ അപാകത റിപ്പോർട്ട് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകിയത് ക്രമ പ്രകാരമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 20/27.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 SSA -വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

2017-18 വർഷത്തിൽ എസ്.എസ്.എ പ്രൊജക്റ്റിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 3536393 എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ വിഹിതം നൽകൽ ( 88/18) | 496000 | 1/17-18 തി. 26.07.2017 |
| എസ്.എസ്.എ വിഹിതം നൽകൽ ( 299/18) | 2591429 | 5/17-18 തി. 24.03.2018 |
| | 448964 | 6/17-18 തി. 24.03.2018 |
| ആകെ | 3536393 | |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 72/17/ത.സ്വ.ഭ.വ. തി. 29.03.2017 പ്രകാരം എസ്.എസ്.എ പ്രൊജക്ട് തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്ന് നിർദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെ SSA ലഭ്യമാക്കിയ ഒരു സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പണം നൽകുകയാണ് ചെയ്തത്.

2) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. പഞ്ചായത്ത് നൽകിയതും സർക്കാർ വിഹിതവുമുൾപ്പെടെ പഞ്ചായത്തിൽ SSA ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 3536393 തടസ്സം ചെയ്യുന്നു.

## 3-2 തുല്യതാ പരീക്ഷ – അധികം പണം നൽകി

2017-18 വർഷത്തിൽ നടപ്പാക്കിയ തുല്യതാ പരീക്ഷ 196/18 എന്ന പ്രൊജക്ടിന്റെ ഭാഗമായി തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത് പരിക്ഷ എഴുതിയ വിദ്യാർത്ഥികളുടെ ഫീസ് നൽകുന്നതിന് ₹ 50000 ചെലവഴിച്ചിട്ടുണ്ട്. ( ബിൽ നമ്പർ 10/17-18 dt 31.03.18 )

സബ്സിഡി മാർഗ്ഗരേഖ GO(MS) 80/2017/LSGD Dt. 03.04.2017 പ്രകാരം സംസ്ഥാനതല നിർദേശങ്ങൾ കൂടി പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ 4,7,10,+2 തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാഫീസ് കോഴ്സ് ഫീസ്, എന്നിവ നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കാവുന്നതാണ് എന്ന് നിർദേശിക്കുന്നുണ്ട്. എന്നാൽ സംസ്ഥാന തല നിർദേശപ്രകാരം എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് പരീക്ഷാഫീസ് ,കോഴ്സ് ഫീസ് എന്നിവ അടക്കേണ്ടതില്ല. അവർ അപേക്ഷാ ഫീസ് മാത്രമെ അടക്കേണ്ടതുള്ളൂ.

എന്നാൽ 2017-18 വാഴക്കാട് ഗ്രാമപഞ്ചായത്തിൽ തുല്യതാ പരീക്ഷക്ക് പഠിതാക്കൾ സ്വന്തമായി ഫീസ് അടച്ചതിന് ശേഷം പരീക്ഷ എഴുതിയ ഗുണഭോക്താക്കൾക്ക് അവരുടെ ഫീസ് തിരിച്ച് നൽകുകയാണ് ചെയ്യുന്നത്. മേൽ പ്രൊജക്ട് പ്രകാരം പിൻവലിച്ച പണം വിതരണം ചെയ്തതിൽ എസ്.സി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് അവർ അടവാക്കിയ അപേക്ഷാ ഫീസിനേക്കാൾ കൂടുതൽ പണം തിരിച്ചുനൽകിയതായി കാണുന്നു.

അധികം നൽകിയതിന്റെ വിശദ വിവരം താഴെ നൽകുന്നു.

| വിദ്യാർത്ഥിയുടെ പേര്, കോഴ്സ് | അടവാക്കിയ തുക | പഞ്ചായത്തിൽ നിന്ന് നൽകിയത് | അധികം |
|---|---|---|---|
| ശ്രീമതി രജനി കെ, പത്താം തരം | 100 | 600 | 500 |
| ശ്രീ നിഷാദ് കെ.പി, പത്താം തരം | 100 | 600 | 500 |
| ശ്രീ വിപിൻ ലാൽ വി, പത്താം തരം | 100 | 600 | 500 |
| ശ്രീ സുരേഷ് സി, +2 | 300 | 925 | 625 |
| ശ്രീമതി ശ്രീജ വി.പി, +2 | 300 | 925 | 625 |
| ശ്രീമതി തങ്കമണി ടി, +2 | 300 | 925 | 625 |
| ശ്രീമതി അമ്പിളി പി, +2 | 300 | 925 | 625 |
| | | ആകെ അധികം | 4000 |

ഫീസ് അടക്കേണ്ടതില്ലാത്ത പഠിതാക്കൾക്ക് അവർ അടച്ചതിനെക്കാൾ തുക നൽകിയത് അംഗീകരിക്കാനാവില്ല. അധികമായി നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-3 ടെണ്ടർ കുറവ് പൂർണ്ണമായി കുറക്കാതെ പണം നൽകി ₹ 16901 നഷ്ടം

2017-18 വർഷത്തിൽ നടപ്പാക്കിയ താഴെപറയുന്ന പ്രവൃത്തികളിൽ കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് കുറവ് വരുത്താതെ പണം നൽകിയത് മൂലം പഞ്ചായത്തിന് ₹ 16901 നഷ്ടം വന്നു.

| പ്രവൃത്തി | മൂല്യനിർണ്ണയം | നൽകാവുന്നത് | നൽകിയത് | അധികം |
|---|---|---|---|---|
| ചാലിൽ പള്ളിപ്പറമ്പ് റോഡ് | 185737 | 157338 | 166845 | 9507 |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റ് (141/18)<br>കരാറുകാരൻ - ശ്രീ TK ഉബൈദുല്ല.<br>കരാർ - 47/AE/LSGD /VKD/17-18 Dt. 29.01.2018 (15.29% കുറവ് )<br>എം ബുക്ക് - 27/17-18 | | (ആകെ മൂല്യനിർണ്ണയത്തിൽ നിന്ന് 15.29% കുറച്ച തുക) | (ബിൽ നമ്പർ 32/08.03.2018 ₹ 166845 | |
| ആറങ്ങോട്ടുതാഴം മണ്ണാറക്കൽ റോഡ് കോൺക്രീറ്റ് ( 214/18)<br>കരാറുകാരൻ - ജംഷീർ എം.ടി.സി<br>കരാർ - 32/AE/LSGD /VKD/17-18 Dt.29.01.2018 (10.1% കുറവ് )<br>എം ബുക്ക് - 64 /17-18 | 73212 | 65818<br>(ആകെ മൂല്യനിർണ്ണയത്തിൽ നിന്ന് 10.1 % കുറച്ച തുക) | 73212<br>(ബിൽ നമ്പർ 65/26.03.2018 | 7394 |
| | | | അധികം | 16901 |

പെർസന്റേജ് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ടെണ്ടറിൽ കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് വരുത്താതെ ബിൽ നൽകിയത് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി 2/22.02.19) മറുപടി ലഭ്യമാക്കിയില്ല.

## 3-4 കരാറുകാരന് അർഹമായതിനെക്കാൾ തുക നൽകി ₹ 36954 നഷ്ടം.

പ്രവൃത്തിക്ക് എഞ്ചിനിയർ മൂല്യനിർണ്ണയം നടത്തിയതിനെക്കാൾ വളരെ ഉയർന്ന തുകക്ക് ബിൽ തയ്യാറാക്കി പണം പിൻവലിച്ചത് മൂലം ₹ 36954 നഷ്ടം ഉണ്ടായി. 2017-18 വർഷത്തിൽ നടപ്പാക്കിയ പി.ടി ബാലകൃഷ്ണൻ നായർ റോഡ് പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയിലാണ് ( പ്രൊജക്ട് നമ്പർ 175/18) അപാകത ഉണ്ടായത്.

| പ്രവൃത്തി | മൂല്യനിർണ്ണയം | നൽകാവുന്നത് | നൽകിയത് | അധികം |
|---|---|---|---|---|
| പി.ടി ബാലകൃഷ്ണൻ നായർ റോഡ് പാർശ്വഭിത്തി സംരക്ഷണം ( പ്രൊജക്ട് നമ്പർ 175/18)<br>കരാറുകാരൻ - ശ്രീ മുഹമ്മദലി ഇ<br>കരാർ - 66/AE/LSGD /VKD/17-18 Dt. 15.02.2018 (8.21 % കുറവ് )<br>എം ബുക്ക് - 84/17-18 | 108674 | 99752<br>(ആകെ മൂല്യനിർണ്ണയത്തിൽ നിന്ന് 8.21% കുറച്ച തുക) | 136106<br>(ബിൽ നമ്പർ 63/26.03.2018 ₹ 136106 | 36954 |

ടെണ്ടർ കുറവ് വരുത്താതെ ആകെ ₹ 108674 മാത്രം മൂല്യ നിർണ്ണയം നടത്തുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത് അംഗീകരിക്കുകയും ചെയ്ത പ്രവൃത്തിക്ക് ടെണ്ടർ കുറവ് വരുത്തിയതിന് ശേഷം ₹ 99752 മാത്രമെ നൽകാവൂ എന്നിരിക്കെ മൂല്യ നിർണ്ണയ തുകയെക്കാളും വളരെ ഉയർന്ന തുക പിൻവലിച്ച് കരാറുകാരന് നൽകിയത് അംഗീകരിക്കാനാവില്ല. അധികമായി നൽകിയ തുക പിഴപലിശ സഹിതം ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി 1/22.02.19) മറുപടി ലഭ്യമാക്കിയില്ല.

## 3-5 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 എഞ്ചിനിയറുടെ പ്രൊജക്ട് അവലോകനം

ഓഡിറ്റ് വർഷം പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 175 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 32790038 രൂപയാണ്. വകയിരുത്തിയ തുകയിൽ 15377903 രൂപ ചെലവഴിക്കാനായിട്ടുണ്ട്. ചെലവ് 47 ശതമാനം മാത്രമാണ്. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവഹണം നടത്താതെ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 17412135 രുപ വകയിരുത്തിയ പ്രോജക്ടുകൾ ഓഡിറ്റ് വർഷം നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു.ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചു എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് / ടാർ ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല .വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല.ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി വ്യക്തമാവുന്നു.

ഏറ്റെടുക്കുന്ന വർക്കുകൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ഭരണസമിതി ശക്തമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-7 ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് രജിസ്റ്ററുകൾക്കും ഫോമുകൾക്കും മറ്റും വില നൽകിയത് - സ്റ്റോക്ക് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

താഴെ ചേർത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം രജിസ്റ്ററുകളുടെയും ഫോമുകളുടെയും മറ്റും വിലയായി ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| 1 | 21700088/12.5.17 | 76119.00 | 139/11.5.17 |

| | | | |
|---|---|---|---|
| 2 | 21700277/18.8.17 | 19891.00 | PGT/GSTINV/418/2017-18 dt.19.10.17 |
| 3 | 21700731/7.2.18 | 23338.00 | PGT/GSTIN/1180/2017-18 dt.3.3.18 |
| ആകെ | | 119348.00 | |

സാധനങ്ങൾ സ്റ്റോക്കിലെടുത്തിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22 /01.3.2019 ന് മറുപടി ലഭ്യമാക്കുകയോ സ്റ്റോക്ക് വിവരം പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക 119348 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നം.18/18

അടങ്കൽ .800000/-(പ്ലാൻ)

ചെലവ്.799993/-

ബിൽ നം. 15/19.10.17

നിർവ്വഹണം - സെക്രട്ടറി

മികച്ച ഗുണനിലവാരമുള്ള 24 വാട്സ് LED സ്ട്രീറ്റ് ലൈറ്റുകൾ പുതുതായി സ്ഥാപിക്കുന്നതിനാണ് ഈ പ്രൊജക്ട് ആവിഷ്കരിച്ചത്. പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കാട് എന്ന സ്ഥാപനം ഒന്നിന് 2100/- രൂപ നിരക്കിൽ 381 എണ്ണം 24വാട്സ് എല്.ഇ.ഡി ലൈറ്റുകൾ ലഭ്യമാക്കി (ഇൻവോയ്സ് നമ്പർ 2/15.09.17) വിവിധ വാർഡുകളിൽ ഫിറ്റ് ചെയ്തിട്ടുണ്ട്. ആയതിന് പ്രസ്തുത സ്ഥാപനത്തിന് മേൽപ്പറഞ്ഞ പ്രകാരം പ്രതിഫലവും നൽകിയിട്ടുണ്ട്.

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. സാങ്കേതിക അനുമതി വാങ്ങിയിട്ടില്ല. പ്രവൃത്തിക്ക് ആരും സാങ്കേതിക മേൽനോട്ടം നിർവ്വഹിച്ചിട്ടില്ല.

പൊതുമരാമത്ത് വകുപ്പിന്റെ വൈദ്യുതി വിഭാഗത്തിലെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും 24 വാട് എൽ.ഇ.ഡി ലൈറ്റ് ലഭ്യമാക്കി സ്ഥാപിക്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് പ്രാബല്യത്തിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി, സാങ്കേതിക അനുമതി വാങ്ങിയ ശേഷമായിരുന്നു പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിനാൽ സ്ഥാപിച്ച ലൈറ്റിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചോ, അംഗീകരിച്ച നിരക്ക് (അധികമാണോ/കുറവാണോ എന്നത്) സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല. അതുപോലെ, പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2. ലൈറ്റുകളുടെ സാങ്കേതിക തികവ് പരിശോധിച്ചിട്ടില്ല,

എ3-916/17 തീയ്യതി.23.2.2017 പ്രകാരം പുറപ്പെടുവിച്ച ഈ പ്രൊജക്ടിന്റെ ടെണ്ടർ നോട്ടീസിൽ വിതരണം ചെയ്യേണ്ട 24 വാട് എൽ.ഇ.ഡി ലൈറ്റിന്റെ വിശദമായ സ്പെസിഫിക്കേഷൻ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം സ്പെസിഫിക്കേഷൻ തയ്യാറാക്കിയതിന്റെ ആധികാരികത ആരാഞ്ഞതിൽ മറ്റ് പഞ്ചായത്തുകൾ നിർവ്വഹണം നടത്തിയ സമാന സ്വഭാവത്തിലുള്ള പ്രൊജക്ടുകളിൽ നിഷ്കർഷിച്ച സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ അറിയിച്ചത്.

ഈ പ്രൊജക്ട് ടെണ്ടർ ചെയ്തതിനെ തുടർന്ന് താഴെ പറയും പ്രകാരമുള്ള മൂന്ന് ടെണ്ടറുകളാണ് ലഭിച്ചിരുന്നത്.

| ക്രമ നമ്പർ | ഏഷ്യൻ മാർക്കറ്റിംഗ് | | നാച്വറൽ മാർക്കറ്റിംഗ് ഡിവിഷൻ | | അലൂമിന ലൈറ്റിംഗ് സൊല്യൂഷൻ | |
|---|---|---|---|---|---|---|
| | മോഡൽ | നിരക്ക് | മോഡൽ | നിരക്ക് | മോഡൽ | നിരക്ക് |
| 1 | സൂപ്പർ എക്കോ | 1550.00 | കെൽട്രോൺ | 1890.00 | ഫിലിപ്പ് | 1818.00 |
| 2 | ബ്രിഡ്ജ് | 1625.00 | | | LED PLLPMS | 2690.00 |
| 3 | ലീഫ് | 2100.00 | | | | |
| 4 | എക്കോ | 2350.00 | | | | |

ഏഷ്യൻ മാർക്കറ്റിംഗ് അഞ്ച് ലൈറ്റുകളുടെ നിരക്കുകൾ സമർപ്പിച്ചുവെങ്കിലും, ഇതിൽ ഒന്നിന്റെയും സ്പെസിഫിക്കേഷൻ ടെണ്ടറിൽ വ്യക്തമാക്കിയിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മേൽപ്പറഞ്ഞ ലൈറ്റുകളുടെ സാങ്കേതിക തികവ് ടെണ്ടർ നോട്ടീസിൽ പറഞ്ഞ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയോ, ടെണ്ടറുകൾ ടാബുലേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല . പ്രൊക്യൂർമെന്റ് കമ്മിറ്റിയും ലൈറ്റുകളുടെ സാങ്കേതിക തികവ് പരിശോധിക്കുകയോ സാമ്പിൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല എന്ന് 9.3.2017 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടുണ്ട് (ഇത് സംബന്ധിച്ച് ഒരു രേഖപ്പെടുത്തലും മിനുട്സിൽ ഇല്ല).

3. L1 ന് പകരം L2 നിരക്ക് അംഗീകരിച്ചതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.

5/ 9.3.2017 നമ്പർ തീരുമാനം അനുസരിച്ചാണ് നികുതികൾ ഉൾപ്പെടെ ഒന്നിന് 1625/- രൂപ നിരക്കിൽ ഏഷ്യൻ മാർക്കറ്റിംഗിന്റെ ബ്രിഡ്ജ് മോഡൽ ലൈറ്റ് വാങ്ങുന്നതിന് ഭരണ സമിതിക്ക് ശുപാർശ ചെയ്യാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തത്. L1 നിരക്കായ ഏഷ്യൻ മാർക്കറ്റിംഗിന്റെ തന്നെ സൂപ്പർ എക്കൊ എന്ന മോഡൽ ഉണ്ടായിരിക്കെ L2 നിരക്ക് അംഗീകരിച്ചതിന് കാരണം ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സ്റ്റോർപർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടിയാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മേൽപ്പറഞ്ഞ ശുപാർശ 5/5-10.3.2017 നമ്പർ തീരുമാനം അനുസരിച്ച് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

4. ഏഷ്യൻ മാർക്കറ്റിംഗിന് ടെണ്ടറിൽ പങ്കെടുക്കുന്നതിന് നിഷ്കർഷിച്ച യോഗ്യതകൾ ഇല്ല.

മേൽപ്പറഞ്ഞ ടെണ്ടർ നോട്ടീസ് അനുസരിച്ച് ടെണ്ടറിനൊപ്പം ISO 9001-2008 CERTIFICATE, NABL (National Accredition Board for Testing & Validation Laboratories) CERTIFICATE, INC (Incorporation) CERTIFICATE, Testing Report, Testing Certificate എന്നിവയുടെ പകർപ്പുകൾ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

എ) ഏഷ്യൻ മാർക്കറ്റിംഗ് ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടുള്ള ഉദ്യോഗ് ആധാർ, നമ്പർ .KL09A0000134, പ്രകാരം (INC (Incorporation) CERTIFICATE എന്ന് കണക്കാക്കാം) പ്രസ്തുത സ്ഥാപനം ഇലക്ട്രിക്കൽ ലൈറ്റുകൾ നിർമ്മിക്കുന്ന, 3 ലക്ഷം രൂപ മൂലധനമുള്ള,
ഒരു മൈക്രൊ ഇൻഡസ്ട്രീ ആണ്. എന്നാൽ മഹാരാഷ്ട്രയിലെ വാസായ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഫയർ ഫ്ലൈ എൽ.ഇ.ഡി. പ്രൊഡക്ട്സ് പ്രൈ.ലിമിറ്റഡ് എന്ന കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ നിരക്കുകളാണ് ഏഷ്യൻ മാർക്കറ്റ് ടെണ്ടറിൽ ക്വാട്ട് ചെയ്തിട്ടുള്ളത്. ഏഷ്യൻ മാർക്കറ്റിംഗ് എന്ന സ്ഥാപനം ഫയർ ഫ്ലൈ എൽ.ഇ.ഡി. പ്രൊഡക്ട്സ് പ്രൈ.ലിമിറ്റഡ് ന്റെ അംഗീകൃത ഏജൻസി ആണെന്ന് തെളിയിക്കുന്ന ഒരു രേഖയും ടെണ്ടറിനൊപ്പം സമർപ്പിച്ചിട്ടില്ല കേരള സ്റ്റോർപ്പർച്ചേസ് മാന്വൽ പ്രകാരം സാധനങ്ങൾ കഴിയുന്നതും നിർമ്മാതാക്കളിൽ നിന്ന് തന്നെ നേരിട്ട് വാങ്ങേണ്ടതാണെന്നും, ആതിന് സാധ്യമാകാത്ത പക്ഷം മാത്രം അംഗീകൃത ഏജന്റിൽ നിന്ന് വാങ്ങാവുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.

ബി) ഫയർ ഫ്ലൈ എൽ.ഇ.ഡി. പ്രൊഡക്ട്സ് പ്രൈ.ലിമിറ്റഡ് ന്റെ ISO 9001-2008 CERTIFICATE ഹാജരാക്കിയിട്ടുണ്ട്. എന്നാൽ എലൈറ്റ് മെട്രോളജി എന്ന സ്ഥാപനത്തിന്റെ NABL സർട്ടിഫിക്കേറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്. അതുപോലെ ഫയർ ഫ്ലൈയുടെ ഉൽപ്പന്നമായ 60 വാട്ട് എൽ.ഇ.ഡി ഡ്രൈവർ (എലക്ട്രോണിക് കൺട്രോൾ ഗിയർ ഫോർ എൽ.ഇ.ഡി മൊഡ്യൂൾസ്), 72,20 വാട്ട് സ്ട്രീറ്റ് ലൈറ്റ് എന്നിവയുടെ ടെസ്റ്റ്

റിപ്പോർട്ടുകളാണ് (24വാട്ട് ലൈറ്റിന്റെത് അല്ല) ഹാജരാക്കിയിട്ടുള്ളത്.

5. കരാർ ചമച്ചതിൽ അപാകതകൾ സംഭവിച്ച

ഏഷ്യൻ മാർക്കറ്റിംഗ് 200/- രൂപ മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാറിന്റെ പ്രാഥമിക ഭാഗങ്ങൾ (ഡോട് ലൈനുകൾ പൂരിപ്പിക്കാതെ, വിശദമായ നിബന്ധനകൾ തയ്യാറാക്കി കൂട്ടിച്ചേർക്കാതെ) തയ്യാറാക്കി ഒപ്പ് വച്ച് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. കരാറിന്റെ തീയ്യതി പോലും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല കരാറിൽ സെക്രട്ടറി ഒപ്പുവച്ചിട്ടുമില്ല. എൽ.ഇ.ഡി.ലൈറ്റുകൾക്ക് മൂന്ന് വർഷം വാറണ്ടി വാഗ്ദാനം ചെയ്യപ്പെട്ട സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഈ വീഴ്ച്ച വളരെ ഗുരുതരമാണ്.

6. കരാറിൽ പറഞ്ഞതിലും ഉയർന്ന വിലയുള്ള ലൈറ്റ് വിതരണം ചെയ്യാൻ അനുവദിച്ചതുമൂലം 180975/- രൂപയുടെ അധികച്ചെലവ്.

5/5-10.3.2017 നമ്പർ തീരുമാനം അനുസരിച്ച് ഏഷ്യൻ മാർക്കറ്റിംഗിന്റെ ബ്രിഡ്ജ് മോഡൽ ലൈറ്റിന്റെ നിരക്ക് (ഒന്നിന് 1625/-) ഭരണ സമിതി അംഗീകരിച്ചുവെങ്കിലും മലപ്പുറം ലോകസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ 24.4.2017നാണ് ഏഷ്യൻ മാർക്കറ്റിംഗുമായി പഞ്ചായത്ത് കരാർ ഒപ്പ് വച്ചത് (3/1-29.7.2017 നമ്പർ ഭരണ സമിതി തീരുമാനം, ഏഷ്യൻ മാർക്കറ്റിംഗിന്റെ 22.5.2017 നമ്പർ തീയ്യതി കത്ത് എന്നിവ കാണുക). കരാർ ഒപ്പ് വച്ചതിന് ശേഷം സെക്രട്ടറി ഏഷ്യൻ മാർക്കറ്റിംഗിന് സപ്ലൈ ഓർഡർ നൽകുകയുണ്ടായില്ല (സപ്ലൈ ഓർഡറിന്റെ പകർപ്പ് ഫയലിൽ ഇല്ല).

ഏഷ്യൻ മാർക്കറ്റിംഗ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ 22.5.2017 ലെ കത്തിൽ സൂപ്പർ എക്കൊ, ബ്രിഡ്ജ് എന്നീ മോഡൽ എൽ.ഇ.ഡി ലൈറ്റുകൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ ആയത് സപ്ലൈ ചെയ്യാൻ സാധിക്കില്ല എന്നും, അതിനാൽ ഒന്നുകിൽ കരാർ ഉടമ്പടി റദ്ദ് ചെയ്യണമെന്നും അല്ലെങ്കിൽ തൊട്ട് ഉയർന്ന മോഡലായ LEEF @2100/- സപ്ലൈ ചെയ്യാൻ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. 22.5.2017 ന് തന്നെ സെക്രട്ടറി പ്രസ്തുത കത്ത് കൈപ്പറ്റിയെങ്കിലും (സെക്രട്ടറിയുടെ തീയ്യതി സഹിതമുള്ള ചുരുക്കൊപ്പ് കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്) ആയതിൽ നടപടി ഒന്നും സ്വീകരിക്കുകയുണ്ടായില്ല. തുടർന്ന് ഈ വിഷയം ഓർമ്മപ്പെടുത്തിക്കൊണ്ട് 13.7.17 ന് ഏഷ്യൻ മാർക്കറ്റിംഗ് വീണ്ടും സെക്രട്ടറിക്ക് കത്ത് നൽകുകയുണ്ടായി. ഈ വിഷയം ഭരണ സമിതിയുടെ മുമ്പാകെ വരികയും, "പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്യുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്ന്" 3/1-29.7.17 നമ്പർ തീരുമാനം അനുസരിച്ച് തീരുമാനിക്കുകയും ചെയ്തു

10.8.2017 ൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് ഈ വിഷയം പരിഗണിച്ചത്. 10.8.2017 ൽ ചേരുന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് മുമ്പാകെ ഹാജരായി ടെണ്ടറിൽ ക്വാട്ട് ചെയ്ത 1818/- രൂപ നിരക്കിൽ എൽ.ഇ.ഡി ലൈറ്റുകൾ സപ്ലൈ ചെയ്യാൻ സന്നദ്ധത അറിയിക്കാത്ത പക്ഷം ടെണ്ടർ പരിഗണിക്കുന്നതല്ല എന്ന് 3.8.17 ലെ എ3-916/17 നമ്പർ കത്ത് മുഖേനെ സെക്രട്ടറി അലൂമിന ലൈറ്റ് സൊല്യൂഷന് രജിസ്റ്റേഡ് കത്ത് നൽകിയിരുന്നു. എന്നിട്ടും പ്രസ്തുത സ്ഥാപനം 10.8.17 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗിൽ ഹാജരാകാത്തതിനാൽ (മിനുട്സിലെ രേഖപ്പെടുത്തൽ പ്രകാരം) പ്രസ്തുത ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയുണ്ടായില്ല. അതുപോലെ, നേരിട്ട് അന്വേഷിച്ചതിൽ കെൽട്രോൺ എൽ.ഇ.ഡി ലൈറ്റ് എന്ന പേരിൽ എൽ.ഇ.ഡി. ലൈറ്റുകൾ കെൽട്രോൺ ഉല്പാദിപ്പിക്കുന്നില്ല എന്ന അറിവ് ലഭിച്ചതിനാൽ (മിനുട്സിലെ രേഖപ്പെടുത്തൽ പ്രകാരം) പ്രസ്തുത ടെണ്ടറും കമ്മിറ്റി പരിഗണിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ ഏഷ്യൻ മാർക്കറ്റിംഗിന്റെ LEEF @2100/ മോഡൽ അംഗീകരിക്കുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ 1/10.8.2017 നമ്പർ തീരുമാനം അനുസരിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത തീരുമാനം 1/7-22.8.17 നമ്പർ തീരുമാനം അനുസരിച്ച് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തു. ഇതെ തുടർന്നാണ് ഏഷ്യൻ മാർക്കറ്റിംഗ് മേൽപ്പറഞ്ഞ പ്രകാരം 381 എൽ.ഇ.ഡി.ലൈറ്റുകൾ ലഭ്യമാക്കി സ്ഥാപിച്ചത്.

സർക്കാർ ഉത്തരവ് (പി) നമ്പർ259/2010/ത.സ്വ.ഭ,വ തീയ്യതി,8.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ടെണ്ടറുകളുടെ സാധുതാ കാലയളവ് പൊതുവെ 90 ദിവസം ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രൊജക്റ്റിന്റെ മേല്പറഞ്ഞ വിശദമായ ടെണ്ടർ നോട്ടീസിൽ ടെണ്ടറിന്റെ സാധുതാകാലയളവ് എത്രയായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല (നോട്ടീസിലെ പ്രസ്തുത ഭാഗത്ത് ഒന്നും രേഖപ്പെടുത്തിയിട്ടില്ല). ഏഷ്യൻ മാർക്കറ്റിംഗ് സമർപ്പിച്ച ടെണ്ടറിൽ ആയതിന്റെ സാധുതാ കാലയളവ് എത്രയാണെന്ന് (90 ദിവസത്തിൽ കുറവാണെങ്കിൽ, എത്ര ദിവസമാണ് സാധുതാകാലമെന്ന് വ്യക്തമായി രേഖപ്പെടുത്തണം) രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഏഷ്യൻ മാർക്കറ്റിംഗിന്റെ ടെണ്ടറിന്റെ കാലയളവ് 90 ദിവസമോ അതിൽ കൂടുതലോ ആയിരുന്നു എന്ന് വ്യക്തമാണ്. ആയതിനാൽ കരാർ 1625/- രൂപ നിരക്കിൽ

ലൈറ്റുകൾ സപ്ലൈ ചെയ്യാമെന്ന് 24.4.17 ന് കരാർ ഒപ്പ് വച്ചശേഷം വെറും 28 ദിവസം കഴിഞ്ഞ് പ്രസ്തുത കരാർ റദ്ദ് ചെയ്യണമെന്നോ അല്ലെങ്കിൽ 2100/- രൂപ നിരക്കിലുള്ള ലൈറ്റ് സപ്ലൈ ചെയ്യാൻ അനുവദിക്കണമെന്നോ ആവശ്യപ്പെടാൻ ഏഷ്യൻ മാർക്കറ്റിന് നിയമപരമായി അവകാശമുണ്ടായിരുന്നില്ല. ആയതിനാൽ ഏഷ്യൻ മാർക്കറ്റിന്റെ പ്രസ്തുത ആവശ്യം പരിഗണനാർഹവുമായിരുന്നില്ല. ഇക്കാര്യം പ്രസ്തുത സ്ഥാപനത്തെ രേഖാമൂലം അറിയിക്കുകയും, കരാർ പ്രകാരമുള്ള നിരക്കിൽ കരാറുകാരൻ തുടർന്നും ലൈറ്റുകൾ സപ്ലൈ ചെയ്യാത്തപക്ഷം കരാർ റദ്ദുചെയ്ത് റീ ടെണ്ടർ ചെയ്യുകയും, ആയതുമൂലം ഗ്രാമപഞ്ചായത്തിന് വരുമായിരുന്ന അധികച്ചെലവ് കരാർ ലംഘനം നടത്തിയ ഏഷ്യൻ മാർക്കറ്റിംഗിൽ നിന്നും ഈടാക്കുകയുമാണ് വേണ്ടിയിരുന്നത് (ജി,ഒ(പി)നം.3/2013/എസ്.പി.ഡി തീയ്യതി 21.6.2013 പ്രകാരം പുറപ്പെടുവിച്ച കേരള സ്റ്റോർപർച്ചേസ് മാന്വൽ ഖണ്ഡിക 3.21.(III) കാണുക) . ഇപ്രകാരം ചെയ്യാതെ ഉയർന്ന നിരക്കിൽ ലൈറ്റ് സപ്ലൈ ചെയ്യാൻ അനുവദിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് 381x(2100-1625)=180975/- രൂപ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

7.കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ ടെണ്ടർ നോട്ടീസിലെ ക്രമ നമ്പർ 16 നിബന്ധന പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് പൂർണ്ണമായും കെ.എസ്.ഇ.ബിയുടെ അറിവോടെ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ നിന്നും അനുമതി ലഭ്യമാക്കുകയോ, തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് സാക്ഷ്യ പത്രം ലഭിക്കുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും കെ.എസ്.ഇ.ബി.യുടെ അനുമതി ലഭിക്കാതെയാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു.

8. ഇലക്ട്രികൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ഇല്ല

ഇലക്ട്രിക് കോൺട്രാക്ട് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന ഇലക്ട്രിക്കൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഏഷ്യൻ മാർക്കറ്റിംഗ് ഈ ലൈസൻസ് ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും യോഗ്യത പരിശോധിക്കാതെയാണ് പ്രവൃത്തി ഏൽപ്പിച്ചത് എന്ന് കാണുന്നു

9. നികുതികളും,നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ഈടാക്കിയിട്ടില്ല.

കരാറുകാരന് നൽകിയ തുകയിൽ നിന്നും താഴെ പറയും പ്രകാരം വരുമാന നികുതിയും, കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫും ഈടാക്കേണ്ടിയിരുന്നു. എന്നാൽ ആയവ ഈടാക്കിയിട്ടില്ല.

എ) വരുമാന നികുതി @1%x799993= 7999.00

ബി) കെ.സി.ഡബ്ല്യു.ഡബ്ല്യു.എഫും @1%x799993 = 7999.00

10 ലൈറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് സംവിധാനം ഇല്ല

വിവിധ വാർഡുകളിലായി 381ലൈറ്റുകൾ സ്ഥാപിച്ചതിന്റെ പോസ്റ്റ് നമ്പർ സഹിതമുള്ള വിവരം വാർഡ് മെമ്പർമാർ ലഭ്യമാക്കിയിട്ടുണ്ട്. ലൈറ്റുകൾക്ക് മൂന്ന് വർഷത്തെ വാറണ്ടി ഉള്ളതിനാൽ പ്രസ്തുത ലൈറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ അത്തരം ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

11 രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ടെണ്ടർ നോട്ടീസ് പത്രത്തിൽ പ്രസിദ്ധ ചെയ്തതിന്റെ രേഖ (പത്രം ഉൾപ്പെടെ).

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/1.3.19 ക്ക് 1.3.19 തീയ്യതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എ) സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള പ്രൊജക്ട് ആയിരുന്നതിനാലാണ് സാങ്കേതിക അനുമതി വാങ്ങാതിരുന്നത്.

ബി) ഉല്പന്നങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ പരിശോധിച്ച് ഗുണമേന്മ ബോധ്യപ്പെട്ട ശേഷമാണ് ശുപാർശ ചെയ്തത്.

സി)സൂപ്പർ എക്കോ കമ്മിറ്റി പ്രവർത്തിപ്പിച്ചതിൽ പ്രകാശം കുറവാണെന്ന് കണ്ടതിനാലാണ് ബ്രിഡ്ജ് മോഡൽ തെരഞ്ഞെടുത്തത്.

ഡി)കരാറിൽ സെക്രട്ടറി ഒപ്പ് വച്ചില്ലെങ്കിൽ ആയത് ഒപ്പ് വച്ച് സമർപ്പിക്കുന്നതാണ്. കരാർ തീയ്യതി എഗ്രിമെന്റ് രജിസ്റ്ററിൽ എഴുതിയിട്ടുണ്ട്.

ഇ) ജി.എസ്.ടി നടപ്പാക്കിയ സാഹചര്യത്തിൽ വീണ്ടും ടെണ്ടർ ക്ഷണിച്ചാൽ വളരെയധികം നഷ്ടം സംഭവിക്കും എന്ന് ഭരണസമിതിക്ക് ബോധ്യം വന്നതിനാലാണ് ലീഫ് മോഡൽ വാങ്ങിയിട്ടുള്ളത്. ഇക്കാര്യത്തിൽ പഞ്ചായത്തിന് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല.

എഫ്) സ്ട്രീറ്റ് ലൈറ്റുകൾ എല്ലാ നികുതിയും ഉൾപ്പെടെയാണ് വിതരണം ചെയ്തിട്ടുള്ളത്. ഫിറ്റ് ചെയ്തത് സൗജന്യമായാണ്. അതിനാലാണ് നികുതികൾ ഈടാക്കാതിരുന്നത്.

ജി) ലൈറ്റുകളുടെ ഫിറ്റിംഗ്, പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി മോണിറ്റർ ചെയ്തിട്ടുള്ളതാണ്.

എഫി) ടെണ്ടർ പത്രത്തിൽ പരസ്യം ചെയ്തിട്ടുള്ളതാണ്. പത്രത്തിന്റെ കോപ്പി സമർപ്പിക്കുന്നതാണ്.

മേൽ മറുപടികളിൽ താഴെ പറയുന്ന അഭിപ്രായം അറിയിക്കുന്നു.

എ) എൽ.ഇ.ഡി ലൈറ്റും, ലൈറ്റുകൾ പോസ്റ്റിൽ ഫിറ്റ് ചെയ്യുന്നതിനുള്ള സാധനങ്ങളും, ഫിറ്റ് ചെയ്യുന്നതിനുവേണ്ട മനുഷ്യ വിഭവങ്ങളും ഉൾക്കൊള്ളുന്നതാണ് പ്രൊജക്ടിലെ പ്രവർത്തനം. ആയതിനാൽ ഇത് വെറുമൊരു സപ്ലൈ കോൺട്രാക്ട് ആയിരുന്നു എന്ന വാദം സ്വീകാര്യമല്ല. വാങ്ങിക്കുന്ന സാധനത്തിന്റെ ഗുണവും വിലയും ഉറപ്പുവരുത്തുന്നതിനാണ് സാങ്കേതിക വിദഗ്ദന്റെ അനുമതി വാങ്ങിക്കുന്നത്. എങ്കിലും മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം തുടരുന്നില്ല.

ബി) പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ സാധനങ്ങളുടെ ഗുണമേന്മ പരിശോധിച്ചത് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും ഇല്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല.

സി) സൂപ്പർ എക്കോ മോഡലിനു പകരം ബ്രിഡ്ജ് മോഡൽ അംഗീകരിച്ചതിന് കാരണം മിനുട്സിൽ രേഖപ്പെടുത്താത്തതിനാൽ മറുപടി സ്വീകാര്യമല്ല.

ഡി) കരാർ യഥാവിധി ചമച്ചിട്ടില്ല എന്ന് സെക്രട്ടറിയുടെ മറുപടിയിൽ നിന്നും വ്യക്തമാണ്. ഈ അപാകതക്ക് വിശദീകരണം നൽകിയിട്ടില്ല.

ഇ) നിയമ പ്രകാരം നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്ന മറുപടി സ്വീകാര്യമല്ല.

എഫ്) മറുപടിയുടെ അടിസ്ഥാനത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടില്ല എന്ന പരാമർശം ഒഴിവാക്കുന്നു. വരുമാന നികുതി നിയമം അനുസരിച്ച് കരാർ പ്രകാരമുള്ള പ്രവർത്തികളിൽ, 30000/- രൂപയിൽ കവിഞ്ഞ് പണം നൽകുമ്പോൾ വരുമാന നികുതി പിടിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. അതിനാൽ വരുമാന നികുതി അടവാക്കിയിട്ടില്ല എന്ന പരാമർശം തുടരുന്നു.

ജി)മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ കണ്ടിട്ടുണ്ട്. സാങ്കേതിക വൈദഗ്ദ്യമുള്ള ക്ഷമതയുള്ള ആരും തന്നെ ലൈറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് സാക്ഷ്യപത്രം നൽകിയിട്ടില്ല. ലൈറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. അതിനാൽ പരാമർശം തുടരുന്നു.

എഫ്) പരസ്യം നൽകിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ പരാമർശം തുടരുന്നു.

സെക്രട്ടറിയുടെ മറുപടിയിൽ മേൽ ഖണ്ഡികയിലെ ക്രമ നമ്പർ 1,9(ബി) എന്നീ പരാമർശങ്ങൾക്ക് മാത്രമാണ് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടുള്ളത്.

ഏഷ്യൻ മാർക്കറ്റിംഗിന്റെ അപേക്ഷയിൽ പരിശോധന നടത്തി ഭരണ സമിതിക്ക് ശുപാർശ സമർപ്പിക്കുന്നതിന് ഭരണ സമിതി പ്രൊക്യൂർമെന്റ് കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ആയതിനാൽ ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ ഉൾപ്പെടെ പരിശോധിച്ച് ഭരണ സമിതിക്ക് ശുപാർശ സമർപ്പിക്കേണ്ട ചുമതല പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് ഉണ്ടായിരുന്നു. ആയതിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി വീഴ്ച വരുത്തിയതിനാലാണ് മേൽ ഖണ്ഡിക 6 ൽ പറഞ്ഞ നഷ്ടം സംഭവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ മേൽ ഖണ്ഡിക 6 പ്രകാരം അധികച്ചെലവായി നിജപ്പെടുത്തിയ 180975/- രൂപ 10.8.2017 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

അതുപോലെ ഖണ്ഡിക നമ്പർ 9(എ) പ്രകാരം വരുമാന നികുതി ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 7999/- രൂപയുടെ ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിജപ്പെടുത്തുന്നു.

അതുപോലെ ക്രമ നമ്പർ 2,3,5,7,8,10,11 ൽ പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ ആകെ ചെലവഴിച്ച

799993.00 രൂപയിൽ നിന്നും 180975.00 രൂപയും 7999.00 രൂപയും കഴിച്ചുള്ള 611019.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ പ്രവൃത്തികൾക്കായി താഴെ പറയുന്ന ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | നിർവ്വഹിക്കേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | നം.90/18<br>കരിയാത്തൻകഴി ഭാഗത്തേക്ക് പൈപ് ലൈൻ നീട്ടൽ<br>അടങ്കൽ.70500/- ഫി.ക.ഗ്രാന്റ്<br>29500/- തനത്<br>100000/-<br>ചെലവ്.<br>70500/-ബിൽ നം.22/19.3.18<br>29500/- വൗച്ചർ.21700828/19.3.18 | DB2/DW/VKD-PT /3724//2017 Dt.29.12.17 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA PH ഡിവിഷൻ മലപ്പുറം യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 2 | നം.91/18<br>മേലേപറമ്പിൽ കിളിക്കണ്ടായി ഭാഗത്തേക്ക് പൈപ് ലൈൻ നീട്ടൽ<br>അടങ്കൽ.100000/- ഫി.ക.ഗ്രാന്റ്<br>ചെലവ്.<br>100000/-ബിൽ നം.23/19.3.18 | DB2/DW/VKD-PT /3724//2017 Dt.29.12.17 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA PH ഡിവിഷൻ മലപ്പുറം യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 3 | നം.289/18<br>മേലേകുന്നത്ത് ഓലശ്ശേരി ഭാഗത്തേക്ക് പൈപ് ലൈൻ നീട്ടൽ<br>അടങ്കൽ.100000/- ഫി.ക.ഗ്രാന്റ്<br>ചെലവ്.<br>100000/-ബിൽ നം.31/29.3.18 | DB2/DW/VZD-PT /2089//2018 Dt.27.3.18 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA PH ഡിവിഷൻ മലപ്പുറം യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 4 | നം.288/18<br>അവിഞ്ഞക്കാട്ട് മനപ്പാട്ട് | DB2/DW/VZD-PT /2089//2018 Dt.27.3.18 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ | 1. തുക കൈപ്പറ്റിയതിന്റെ രസീത്. |

| | | | |
|---|---|---|---|
| | ഭാഗത്തേക്ക് പൈപ് ലൈൻ നീട്ടൽ<br>അടങ്കൽ.145787/- ഫി.ക.ഗ്രാന്റ്<br>ചെലവ്.<br>145733/-ബിൽ നം.30/28.3.18 | അടിസ്ഥാനത്തിൽ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA PH ഡിവിഷൻ മലപ്പുറം യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 5 | നം.290/18<br>ചെറുവട്ടപ്പുറം ഭാഗത്തേക്ക് പൈപ് ലൈൻ നീട്ടൽ<br>അടങ്കൽ.100000/- ഫി.ക.ഗ്രാന്റ്<br>ചെലവ്.<br>100000/-ബിൽ നം.29/31.3.18 | DB2/DW/VZD-PT /2089//2018 Dt.27.3.18 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA PH ഡിവിഷൻ മലപ്പുറം യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 6 | നം.270/18<br>വിവിധ കുഴൽ കിണറുകൾ റിപ്പയർ<br>അടങ്കൽ.50000/- ഫി.ക.ഗ്രാന്റ്<br>ചെലവ്.<br>40116/-ബിൽ നം.24/19.3.18 | എം/2256/17 Dt.22.11.17 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ<br>ഭൂഗർഭ ജലവകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 7 | നം.17/18<br>എടവണ്ണപ്പാറ അങ്കണവാടി നിർമ്മാണം.<br>അടങ്കൽ.580000/- തനത്<br>870000/- ഫി.ക.ഗ്രാന്റ്<br>1450000/-<br>ചെലവ്.<br>580000/- ചെക്ക് നം.2179690/24.7.17 | ICDS/A7/3187/16 Dt.24.3.17 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD (ബിൽഡിംഗ് ഡിവിഷൻ) മലപ്പുറം യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 8 | നം.87/18<br>IKMന് വിഹിതം നൽകൽ<br>അടങ്കൽ.75000/- പ്ലാൻ<br>ചെലവ്.<br>75000/-ബിൽ നം.6/28.7.17 | IKM ന്റെ 57047023512 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 9 | നം.92/18<br>PMAY വിഹിതം നൽകൽ (ജനറൽ) | കൊണ്ടോട്ടിബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക |

| | | | |
|---|---|---|---|
| | അടങ്കൽ.500000/- പ്ലാൻ<br>ചെലവ്.<br>500000/-ബിൽ നം.8/28.7.17 | | വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 10 | നം.246/18<br>PMAY വിഹിതം നൽകൽ (എസ്.സി)<br>അടങ്കൽ.300000/- പ്ലാൻ(എസി.സി.പി)<br>ചെലവ്.<br>300000/-ബിൽ നം.9/28.7.17 | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23 /01.3.2019 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേല്പറഞ്ഞ പ്രകാരം ചെവ് ചെയ്ത ആകെ തുക 2040849.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-10 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ ഉറപ്പ് വരുത്തിയില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser,Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2017-18 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് പുലരി ന്യൂട്രിമിക്സ്, പുളിക്കൽ, പ്രശാന്തി ന്യൂട്രിമിക്സ്, പുളിക്കൽ, നിയോവിറ്റ ഹെൽത്തി ന്യൂട്രിമിക്സ്, മൊറയൂർ എന്നീ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഗുണനിലവാര പരിശോധന സാക്ഷ്യപത്രം ഈ സ്ഥാപനങ്ങൾ ഒന്നും ലഭ്യമാക്കി കാണുന്നില്ല. ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതാണ് എന്നാണ് മറുപടിയായി ലഭ്യമാക്കിയിട്ടുള്ളത്. വിതരണം ചെയ്യുന്ന ഭക്ഷ്യമിശ്രിതം മതിയായ ഗുണനിലവാരം ഉള്ളവയാണ് എന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഗ്രാമപഞ്ചായത്തും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-11 ബാലസഭ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചത് - അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 146/2018 |
| വിനിയോഗിച്ച തുക | 25,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 27/2017-18 തി: 24.03.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ ബാലസഭകളുടെ പ്രവർത്തനത്തിനായി 25,000/- രൂപ വകയിരുത്തുകയും തുക സി.ഡി.എസിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാലസഭയുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള യാതൊരു വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തൃശ്ശൂർ, എറണാകുളം എന്നീ സ്ഥലങ്ങളിലേക്ക് വിനോദയാത്ര നടത്തിയതിനുള്ള യാത്രയ്ക്കും, ഭക്ഷണത്തിനുമായാണ് തുക പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളത്. യാത്രയുടെ ഉദ്ദേശം, ബാലസഭയുടെ തീരുമാനം, യാത്ര ചെയ്തവരുടെ എണ്ണം, പേര് വിവരം എന്നിവയൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാലസഭ മിനിട്സും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 06/25.02.2019) മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മതിയായ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 25,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-12 ആശ്രയ പദ്ധതി.

ഗ്രാമപഞ്ചായത്തിന്റെ ആശ്രയ രണ്ടാം ഘട്ടം പ്രൊജക്ട് 2016 ൽ അവസാനിച്ചിട്ടുണ്ട്. മൂന്നാം ഘട്ട പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ 3 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 5 പ്രൊജക്ടുകളിലായി താഴെ പറയുന്ന പ്രകാരം ആശ്രയ ഫണ്ടിലേക്ക് പദ്ധതി വിഹിതം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | ചികിത്സാ സഹായം | തുക | ബിൽ നമ്പർ & തിയ്യതി |
|---|---|---|---|
| 3 | ആശ്രയ (ജനറൽ) , (സ്പിൽ ഓവർ) | 150000 | 09/2017-18 തി. 10.08.2017 |
| 9 | ആശ്രയ (ജനറൽ) , (സ്പിൽ ഓവർ) | 4,45,000 | 01/2017-18 തി. 19.07.2017 |
| 10 | ആശ്രയ (എസ്.സി), (സ്പിൽ ഓവർ) | 500000 | 02/2017-18 തി. 19.07.2017 |
| 147 | ആശ്രയ (ജനറൽ) | 150000 | 14/2017-18 തി. 09.03.2018 |
| 163 | ആശ്രയ (എസ്.സി) | 200000 | 15/2017-18 തി. 09.03.2018 |
| | ആകെ | 1445000 | |

ആശ്രയ പദ്ധതിയിൽ ഭക്ഷണം, ചികിത്സാ ചെലവ് എന്നിവയ്ക്ക് ചലഞ്ച് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. വീട് റിപ്പയർ, കക്കൂസ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആശ്രയ ഗുണഭോക്താക്കൾക്ക് മാത്രമായി നിലവിൽ പ്രൊജക്ടുകൾ നടപ്പാക്കാറില്ല. ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങൾക്ക് മുൻഗണന നൽകി പ്രൊജക്ട് നിർവ്വഹിക്കുകയാണ് ചെയ്തുവരുന്നത്. 2016 ൽ അവസാനിച്ച ആശ്രയ രണ്ടാം ഘട്ട പദ്ധതിയിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്ലാൻഫണ്ട് ചെലവ് ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 5 പ്രൊജക്ടുകളിലായി 14,45,000/- രൂപ കാലാവധി കഴിഞ്ഞ പ്രൊജക്ടിന്റെ അടിസ്ഥാനത്തിൽ ആശ്രയ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 16/26.02.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാത്ത പദ്ധതി വിഹിതം സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-13 ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 201/2018 |
| വിനിയോഗിച്ച തുക | 65,250/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 02/2017-18 തി. 15.09.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ക്വട്ടേഷനുകൾ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷനുകൾ സമർപ്പിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത Compuline IT Store, Darussalam Complex, Calicut-4 എന്ന സ്ഥാപനത്തിൽ നിന്ന് താഴെ പറയുന്ന പ്രകാരം വാങ്ങലുകൾ നടത്തുകയുമാണ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1 | ACER DESKTOP 13/4GB/1TB/19.5/WINDOWS 10 PRO | 49750 |
| 2 | BROTHER LASER PRINTER – 25200 | 13500 |
| 3 | UPS IBALL 621 | 2000 |
| ആകെ | | 65250 |

08.01.2010 ലെ ജി.ഒ(പി)259/2010/തസ്വഭവ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 2സി പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതുമാണ്. സമാന സ്വഭാവമുള്ള "പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും സേവനം മെച്ചപ്പെടുത്തലും (പ്രൊജക്ട് നമ്പർ.110/18)" പ്രകാരം ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത അനോൺ സിസ്റ്റംസ് & സർവ്വീസസ്, മാരിയമ്മൻ കോവിൽ റോഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ താഴെ പറയുന്ന നിരക്കിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് (തീരുമാനം നമ്പർ.1/12.12.2017) വാങ്ങലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | 45440 |
| 2 | കനോൺ 244/241 മൾട്ടി ഫംഗ്ഷൻ പ്രിന്റർ | 18400 |
| 3 | ഇൻക് ടാങ്ക് പ്രിന്റർ | 19400 |

ഈ വാങ്ങലുകൾ താരതമ്യപ്പെടുത്തുമ്പോൾ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങലിൽ മാത്രം 4,310/- രൂപയുടെ അധികച്ചെലവ് വന്നിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ :6/25.02.2019) പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് മുമ്പാണ് ഈ പ്രൊജക്ട് നടപ്പിലാക്കിയത് എന്നും ആയതിനാൽ വില വ്യത്യാസം ശ്രദ്ധയിൽ പെട്ടില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. സമാന സ്വഭാവമുള്ള സാധനങ്ങൾ ഒന്നിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 കുടുംബശ്രീ സംരംഭങ്ങൾക്ക് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 8/2018 |
| വിനിയോഗിച്ച തുക | 4,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 04/2017-18 തി: 19.07.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

03.04.2017 ലെ സ.ഉ (എം.എസ്) നം. 80/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 8-7(2) പ്രകാരം സ്വയം തൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ) എന്ന പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ട നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. വാഴക്കാട് ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ കുടുംബശ്രീ സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ എന്ന പദ്ധതിയിലൂടെ താഴെ പറയുന്ന 8 സംരംഭങ്ങൾക്ക് 50,000/- രൂപ വീതം ആകെ 4,00,000/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് |
|---|---|
| 1 | ഏഷ്യൻ ഷൈൻ സോപ്പ് നിർമ്മാണ യൂണിറ്റ്, വാഴക്കാട് |
| 2 | നാസ് ഗാർമെന്റ്സ് & ടൈലറിംഗ്, പണിക്കരപ്പുറായ |

| | |
|---|---|
| 3 | സഹ്റാസ് ഫാഷൻ ഡിസൈനിംഗ് ടൈലറിംഗ്, ഊർക്കടവ് |
| 4 | ന്യൂ ഫാഷൻ ടൈലറിംഗ്, വിരിപ്പാടം |
| 5 | ഒപ്റ്റിമൈസ് കമ്പ്യൂട്ടർ സെയിൽസ് & സെയിൽസ് ഷോറൂം, വാഴക്കാട് |
| 6 | തവക്കൽ പലഹാര നിർമ്മാണ യൂണിറ്റ്, ഊർക്കടവ്-I |
| 7 | തവക്കൽ പലഹാര നിർമ്മാണ യൂണിറ്റ്, ഊർക്കടവ്-II |
| 8 | കുനിക്കത്ത് കാറ്ററിംഗ്, എടവണ്ണപ്പാറ |

എന്നാൽ ഈ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). സബ്സിഡി മാർഗ്ഗരേഖ, അംഗീകൃത പ്രൊജക്ട് എന്നിവ പ്രകാരം കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ് സംരംഭങ്ങൾക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ. എന്നാൽ ക്രമനമ്പർ 1 പ്രകാരമുള്ള ഏഷ്യൻ ഷൈൻ സോപ്പ് നിർമ്മാണ യൂണിറ്റ് എന്ന ഗ്രൂപ്പ് സംരംഭത്തിൽ 4 പേരുടെ പങ്കാളിത്തം മാത്രമാണുള്ളത്.

2). സബ്സിഡി മാർഗ്ഗരേഖ പ്രകാരം സബ്സിഡി ബാങ്കിൽ ആണ് അടവാക്കേണ്ടത്. എന്നാൽ സി.ഡി.എസ് അക്കൗണ്ടിലേക്ക് സബ്സിഡി തുക 4,00,000/- രൂപ ട്രാൻസ്ഫർ ചെയ്യുകയും സി.ഡി.എസ് അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന 50,000/- രൂപ വീതം സംരംഭങ്ങൾക്ക് അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

3). സബ്സിഡി മാർഗ്ഗരേഖ പ്രകാരം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങളാകരുത്. ഈ സ്ഥാപനങ്ങൾക്ക് കുടുംബശ്രീ മിഷൻ ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

4). മാർഗ്ഗരേഖ പ്രകാരം, ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ ശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം. എന്നാൽ ഇപ്രകാരമുള്ള വിവരങ്ങൾ ഒന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5). അംഗീകൃത പ്രൊജക്ട് പ്രകാരം, കുടുംബശ്രീ മിഷന് കീഴിൽ ഇ.ഡി.പി, സ്കിൽ പരിശീലനം നേടി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ള സംരംഭങ്ങൾക്കാണ് സബ്സിഡി വിതരണം ചെയ്യേണ്ടത്. ഇപ്രകാരമുള്ള പരിശീലനം നേടിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

6). ഗ്രൂപ്പിലെ അംഗങ്ങളുടെ വരുമാന പരിധി പ്രകാരമുള്ള അർഹത ഉറപ്പ് വരുത്തിയിട്ടില്ല.

7). മേൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ക്രമനമ്പർ.1,3,6,7 പ്രകാരമുള്ള സംരംഭങ്ങളുടെ വായ്പാ വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ സ്ഥാപനങ്ങൾക്കെല്ലാം 2014-15 സാമ്പത്തിക വർഷത്തിലാണ് വായ്പ അനുവദിച്ചിട്ടുള്ളത്.

8). 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുള്ളതും തുടർച്ചയായി പ്രവർത്തിച്ച് വരുന്നതുമായ സംരംഭങ്ങൾക്കാണ് പ്രൊജക്ട് പ്രകാരം സബ്സിഡി അനുവദിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൂതന ആസ്തി വികസനത്തിന് സഹായകരമാകുന്നതിന് വേണ്ടിയാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം ധനസഹായം കൈപ്പറ്റിയ സംരംഭങ്ങൾ ഒന്നും തന്നെ പ്രസ്തുത ധനസഹായം വിനിയോഗിച്ച് ആസ്തി വികസനം നടത്തിയിട്ടില്ല. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ച് വരുന്ന സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുക മാത്രമാണ് പ്രൊജക്ട് നിർവ്വഹണത്തിലൂടെ ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. ഇത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

അപാകതകൾക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 08/25.02.2019) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 4,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-15 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകളിലായി 1109741 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് വിവരങ്ങളുടെ യാതൊരു രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| 209/18 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ. | 150000 |
| 210/18 | രോഗ പ്രതിരോധ പ്രവർത്തനങ്ങൾ. | 99000 |
| 233/18 | പരിരക്ഷ | 529883 |
| 236/18 | കാൻസർ കിഡ്നി രോഗ നിർണ്ണയ ക്യാമ്പും ബോധവൽക്കരണവും. | 95940 |
| 286/18 | വാഴക്കാട് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് ഓട്ടോമാറ്റിക് ബ്ലഡ് സെൽ കൗണ്ടർ മെഷീൻ വാങ്ങൽ. | 234918 |
| | ആകെ | 1109741 |

രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ നൽകിയതിനെ തുടർന്ന്, 2018 ഓഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ രേഖകൾ പൂർണ്ണമായും നശിച്ച് പോയി എന്നും ഈ വിവരം യഥാസമയം ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ടെന്നും (26.09.2018 ലെ 260/18 നമ്പർ കത്ത് പ്രകാരം) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഷ്ടപ്പെട്ടവയിൽ പുന:സൃഷ്ടിക്കാവുന്ന ഫയലുകൾ പുന:സൃഷ്ടിച്ച് നൽകുന്നതിന് കൂടുതൽ സമയം അനുവദിക്കണം എന്നും അപേക്ഷിച്ചിട്ടുണ്ട്. ആയതിനാൽ ഫയലുകൾ പുന:സൃഷ്ടിച്ച് നൽകുന്നത് വരെ ചെലവ് തുക താൽക്കാലികമായി തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 255000 | 117/18 – സമഗ്ര നെൽകൃഷി വികസനം. | 255000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 154000 | 2/18 – ഒ.ഡി.എഫ് പദ്ധതി. | 154000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | 193/18 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 157/17-18- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി. | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 184000 | 5/18 - എസ്.ടി വിദ്യാർത്ഥികൾക്ക് പഠനമുറി. | 184000 | 0 |
| ജില്ലാ പഞ്ചായത്ത് | 175000 | 117/18 – സമഗ്ര നെൽകൃഷി വികസനം. | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | 193/18- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 500000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മേലെ പറമ്പിൽ എറക്കോട്ടിൽ പുതിയതൊടി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | | 1,00,000 | 1,00,000 | 0 |
| കേരള വാട്ടർ അതോറിറ്റി | കരിയത്താൻകുഴി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | | 1,00,000 | 1,00,000 | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വിവിധ കുഴൽ കിണറുകളുടെ റിപ്പയർ. | | 50000 | 40116 | 9884 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1038946 |
| തൻവർഷം നിക്ഷേപിച്ച തുക | 80348 |
| ആകെ | 1119294 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1119294 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീണ ബാങ്ക്, വാഴക്കാട് | 1119294 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച 10500 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 3-3 | 10500 | ശ്രീ.മുഹമ്മദ് മുസ്തഫ | 117060101891/01-07-2017 |

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 36,41 | 2003-04 | പൊതുപരാമർശങ്ങൾ | ചോലക്കുഴി റോഡ് കീപ്രാട്ടുതാഴം വി.സി.ബി | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(3) | 2010-11 | | | നടപടി തുടർന്നു വരുന്നു |
| 2007-08 മുതൽ 2009-10 വരെ | 3(2) | 2012-13 | | | നടപടി തുടർന്നു വരുന്നു |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടർന്നു വരുന്നു |
| 2014-15, 2015-16 | 2(5), 2(1), 2(2) 2(1) | 2016-17 “ | അനുബന്ധം | | “ |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1999-00 | 29(1), (2), 30 | ശ്രീ.പി.ഡി.നാരായണൻ, സെക്രട്ടറി | LF 11508/Spl.Cell /SC5/04 Dt. 07.01.2016 | 3460 | -- |
| 2 | 2011-12 2012-13 | 3(1) എ | ശ്രീ.എ.എം.ഷിബുസ്ക്കോ, വി.ഇ.ഒ | LF 11156/Spl.Cell /CSC/D1/15 Dt. 16.11.2017 | 8398455 | -- |
| 3 | 2011-12 2012-13 | 3-8 | ശ്രീ.മുഹമ്മദ് റഹ്മത്തുള്ള | LF 11156/Spl.Cell /CSC/D1/15 Dt. 16.11.2017 | 19730 | -- |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 77199133 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66139870 |
| വരവിനങ്ങളിലുള്ള നഷ്ടം | 3887 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 238830 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7842350 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 500 | | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി |
| 2-8(I) | 1326 | | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി-468<br>ശ്രീമതി. ശ്രീകുമാരി എൽ, സെക്രട്ടറി/ചാർജ് -858 |
| 2-8(II) | 671 | | ശ്രീ. ടി ജോൺ, സെക്രട്ടറി – 558<br>ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി – 113 |
| 2-8(III) | 1390 | | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി-950<br>ശ്രീ. ടി ജോൺ, സെക്രട്ടറി – 440 |
| 3-2 | | 4000 | ശ്രീ.ഇ വിജയകുമാർ, ഹോഡ്മാസ്റ്റർ |
| 3-3 | | 16901 | ശ്രീ.ചന്ദ്രദാസ് ജി, അസി.എഞ്ചിനിയർ |
| 3-4 | | 36954 | ശ്രീ.ചന്ദ്രദാസ് ജി, അസി.എഞ്ചിനിയർ |
| 3-8(6) | | 180975 | ശ്രീമതി. ഹാജറുമ്മ, പ്രസിഡന്റ്-25857<br>ശ്രീ. ജൈസൽ, വൈസ് പ്രസിഡന്റ്-25853<br>ശ്രീ. മുഹമ്മദ് പി, ചെയർപേഴ്സൺ-25853<br>ശ്രീമതി. ശ്രീമതി, ചെയർപേഴ്സൺ-25853<br>ശ്രീമതി. തങ്കം എ.പി, ചെയർപേഴ്സൺ-25853<br>ശ്രീ.സുനിൽ കുമാർ. പി.പി, സെക്രട്ടറി-25853<br>ശ്രീമതി. പാത്തുമ്മ, ഐ.സി.ഡി.എസ് സൂപ്പർവൈസർ-25853 |
| ആകെ | 3887 | 2,38,830 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3536393 | ശ്രീ. വിജയകുമാരൻ ഇ, ഹെഡ്മാസ്റ്റർ |
| 3-7 | 119348 | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി-96010,<br>ശ്രീ. ടി ജോൺ, സെക്രട്ടറി – 23338 |
| 3-8 | 611019 | ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി |
| 3-9 | 2040849 | ശ്രീ. ജിനചന്ദ്രൻ പി, സെക്രട്ടറി –585849<br>ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി – 1455000 |
| 3-11 | 25000 | ശ്രീമതി. ശ്രീകുമാരി എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 400000 | ശ്രീമതി. ശ്രീകുമാരി എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 1109741 | ഡോ. മുഹമ്മദ് അമീൻ. എ.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 7842350 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-8 കാണുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| 2-8 | 145 | ശ്രീ.സുനിൽകുമാർ. പി.പി, സെക്രട്ടറി-65<br>ശ്രീ. ടി ജോൺ, സെക്രട്ടറി -49<br>ശ്രീമതി. ശ്രീകുമാരി എൽ, അസിസ്റ്റന്റ് സെക്രട്ടറി-31 |
| ആദായ നികുതി 3-8(9a) | 7999 | ശ്രീ.സുനിൽകുമാർ. പി.പി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽ കുമാർ. പി.പി, സെക്രട്ടറി | വിരമിച്ചു | പ്രീതാ നിവാസ്, കോളേജ് റോഡ്, രാമനാട്ടുകര (പി.ഒ), കോഴിക്കോട് ജില്ല, പിൻ-673633 |
| ശ്രീ. വിജയകുമാരൻ ഇ, ഹെഡ്മാസ്റ്റർ | വിരമിച്ചു | കൊലിപ്പുറത്ത്, എടവണ്ണപ്പാറ, മലപ്പുറം ജില്ല. |
| ശ്രീ.ചന്ദ്രദാസ് ജി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, ആദിനാട് നോർത്ത്, കൊല്ലം ജില്ല | ത്രിദാസ് ഭവനം, ആദിനാട് തെക്ക്, കാട്ടിൽകടവ് (പി.ഒ), കരുനാഗപ്പള്ളി, കൊല്ലം ജില്ല, പിൻ-690542 |
| ശ്രീമതി.ഹാജറുമ്മ, പ്രസിഡന്റ് | പ്രസിഡന്റ്, വാഴക്കാട് ഗ്രാമപഞ്ചായത്ത് | പോണമ്പള്ളി വീട്, വാഴക്കാട് പി.ഒ, മലപ്പുറം ജില്ല, പിൻ-673640 |
| ശ്രീ. ജൈസൽ, വൈസ് പ്രസിഡന്റ് | വൈസ് പ്രസിഡന്റ്, വാഴക്കാട് ഗ്രാമപഞ്ചായത്ത് | ചൂലായ് ചാലിൽ, എളമരം, ചെറുവായൂർ പി.ഒ, മലപ്പുറം ജില്ല, പിൻ-673645 |
| ശ്രീ. മുഹമ്മദ് പി, സ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ | സ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ, വാഴക്കാട് ഗ്രാമപഞ്ചായത്ത് | പറക്കുത്ത് വീട്, ചെറുവായൂർ പി.ഒ, മലപ്പുറം ജില്ല, പിൻ-673645 |
| ശ്രീമതി. ശ്രീമതി, സ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ | സ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ, വാഴക്കാട് ഗ്രാമപഞ്ചായത്ത് | ആശാരിക്കൽ വീട്, ആക്കോട് പി.ഒ, മലപ്പുറം ജില്ല, പിൻ-673640 |
| ശ്രീമതി. തങ്കം എ.പി,സ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ-25853 | സ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ, വാഴക്കാട് ഗ്രാമപഞ്ചായത്ത് | അവുഞ്ഞിക്കാട് പറമ്പിൽ, എടവണ്ണപ്പാറ, ചെറുവായൂർ പി.ഒ, മലപ്പുറം ജില്ല, പിൻ-673645 |
| ശ്രീമതി. പാത്തുമ്മ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ-പുളിക്കൽ ഗ്രാമപഞ്ചായത്ത് | കൊട്ടാങ്ങൽ വീട്, ഓമാനൂർ പി.ഒ, മലപ്പുറം ജില്ല, പിൻ-673645 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.9/1496/03 | 5 | |

| | | | |
|---|---|---|---|
| | തി:23.10.2003 | | |
| 1983-84 | എൽ.എഫ്.എം.7/502/15 തി:26.06.2015 | 1 | |
| 1998-99 | എൽ.എഫ്.എം.12/1507/03 തി:04.11.2003 | 27 | |
| 1999-00 | എൽ.എഫ്.എം.12/974/02 തി:04.07.2007 | 18 | |
| 2000-01 | എൽ.എഫ്.എം.7/2311/12(7) തി:29.06.2013 | 8 | |
| 2001-02 | എൽ.എഫ്.എം.7/2311/12(8) തി:29.06.2013 | 10 | |
| 2002-03 | എൽ.എഫ്.എം.7/215/05 തി:06.12.2005 | 22 | |
| 2003-04 | എൽ.എഫ്.എം.14/1206/09 തി:28.10.2009 | 12 | |
| 2004-05 | എൽ.എഫ്.എം.16/1496/10 തി:04.07.2011 | 11 | |
| 2005-06 | എൽ.എഫ്.എം.16/1497/10 തി:11.07.2011 | 12 | |
| 2006-07 | എൽ.എഫ്.എം.7/482/14 തി:02.06.2014 | 9 | |
| 2007-08, 2008-09, 2009-10 | എൽ.എഫ്.എം.7/1644/12 തി:21.07.2012/ 05-09-2012 | 25 | |
| 2010-11 | എൽ.എഫ്.എം.7/782/13 തി:07.01.2014 | 14 | |
| 2011-12, 2012-13 | എൽ.എഫ്.എം.7/329/15 തി:27.03.2015/31.032015 | 33 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/1403/16 തി. 11-07-2016/29-07-2016 | 18 | |
| 2015-16 | കെ.എസ്.എ.എം.പി.എം.7/31/2017 തി. 06-02-2017 | 25 | |
| 2016-17 | കെ.എസ്.എ.എം.പി.എം.7/1881/2017 തി. 23-10-2017 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം.

നം. കെ.എസ്.എ.എം.പി.എം.16/1258/18

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം

തീയതി:

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ